2023
OCTOBER
14
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## വിഴിഞ്ഞം തുറമുഖം: രണ്ടാംഘട്ടത്തിന് പരിസ്ഥിതി പഠനം തുടങ്ങി

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനുള്ള പരിസ്ഥിതി ആഘാത പഠനം തുടങ്ങി. പഠനവിധേയമാക്കേണ്ട വിഷയങ്ങൾക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചതോടെ എൽ ആൻഡ് ടി കമ്പനിയാണ് അദാനി പോർട്സിനു വേണ്ടി പഠനം ആരംഭിച്ചത്.

സാധാരണ നിലയ്ക്കു മൂന്നു സീസണിലെ പഠനം ആവശ്യമാണെങ്കിലും കഴിഞ്ഞ 10 വർഷമായി പഠനവും ഡേറ്റാ വിശകലനവും നടക്കുന്നുവെന്നതു കണക്കിലെടുത്ത് മൾട്ടി സീസൺ പഠനം നിർബന്ധമാകില്ല. ഇതുവഴി ആറുമാസത്തെ സമയം ലാഭിക്കാനാകും. ഒരുവർഷത്തിനകം പഠന റിപ്പോർട്ട് കേന്ദ്രത്തിനു സമർപ്പിക്കും. 2013ലാണ് ആദ്യഘട്ടത്തിനുള്ള പരിസ്ഥിതി അനുമതിക്കായി പഠനം നടത്തിയത്. അന്ന് അനുമതി നൽകിയപ്പോൾ, ഡേറ്റ സഹിതം 6 മാസം കൂടുമ്പോഴും റിപ്പോർട്ട് നൽകണമെന്നു കേന്ദ്രം വ്യവസ്ഥ ചെയ്തിരുന്നു.

ആകാശ യാത്രയിൽ ഇന്ത്യൻ കുതിപ്പ്

കൊവിഡ് കാലത്തിനു മുമ്പുള്ള നിലയിലേക്ക് രാജ്യത്തെ വിമാന സർവീസുകൾ മടങ്ങിയെത്തിയെന്ന് പുതിയ കണക്കുകൾ വ്യക്തമാക്കുന്നു

## ഇന്ത്യൻ വ്യോമയാന രംഗത്ത് വൻ മുന്നേറ്റം



**കൊച്ചി:** സാമ്പത്തിക മേഖലയിലെ മികച്ച ഉണർവും വിദേശ ബിസിനസിലും വിദ്യാഭ്യാസത്തിലുമുണ്ടാകുന്ന വർധനയുടെ കരുത്തും ഇന്ത്യൻ വ്യോമയാന രംഗത്ത് വൻ മുന്നേറ്റം സൃഷ്ടിക്കുന്നു. ആഗോള വ്യോമയാന ഗവേഷണ സ്ഥാപനങ്ങളുടെ പുതിയ കണക്കുകളനുസരിച്ച് നടപ്പു വർഷം ആദ്യ ഒമ്പത് മാസങ്ങളിൽ രാജ്യാന്തര വിമാന സർവീസുകളുടെ വർധനയിൽ ഏറ്റവും മികച്ച വളർച്ച നേടിയ പത്ത് രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ ഇടം നേടി.

കൊവിഡ് കാലത്തിനു മുമ്പുള്ള നിലയിലേക്ക് രാജ്യത്തെ വിമാന സർവീസുകൾ മടങ്ങിയെത്തിയെന്ന് പുതിയ കണക്കുകൾ വ്യക്തമാക്കുന്നു. ചൈനയും സിംഗപ്പൂരും ജപ്പാനുമെല്ലാം ഈ രംഗത്ത് നെഗറ്റീവ് വളർച്ച രേഖപ്പെടുത്തിയപ്പോൾ ഇന്ത്യയുടെ ആകാശ യാത്രകളിൽ നാലു ശതമാനത്തിലധികം വർധനയുണ്ടായി. യുഎഇ, സൗദി അറേബ്യ, ബ്രിട്ടൻ, ഖത്തർ തുടങ്ങിയവയാണ് രാജ്യാന്തര സർവീസുകളിൽ മികച്ച മുന്നേറ്റം നേടിയ മറ്റ് പ്രധാന രാജ്യങ്ങൾ.

ഇന്ധന വിലയിലെ ഗണ്യമായ ഇടിവിനൊപ്പം രാജ്യത്തെ സാമ്പത്തിക മേഖലയിലെ ഉണർവും ഇന്ത്യൻ വിമാന കമ്പനികൾക്ക് മികച്ച നേട്ടമായി. ഇതോടൊപ്പം രാജ്യത്തെ പ്രമുഖ വിമാന കമ്പനികൾ പലതും പ്രതിസന്ധിയിലായതോടെ നിലവിലുള്ള മറ്റ് കമ്പനികളുടെ ടിക്കറ്റ് വിൽപ്പനയും ലാഭക്ഷമതയും ഗണ്യമായി കൂടിയതും ഇരട്ടി മധുരമായി. നടപ്പു വർഷം ആദ്യ ഒമ്പത് മാസങ്ങളിൽ ഇന്ത്യൻ വിമാന കമ്പനികളുടെ മൊത്തം ലാഭത്തിൽ 40 ശതമാനത്തിലധികം വർധനയുണ്ടെന്ന് ഈ രംഗത്തുള്ളവർ പറയുന്നു.

കഴിഞ്ഞ മൂന്ന് വർഷമായി വൻ പ്രതിസന്ധിയിലൂടെ നീങ്ങുന്ന രാജ്യത്തെ മുൻനിര വിമാന കമ്പനികളായ സ്പൈസ് ജെറ്റ്, ഇൻഡിഗോ എന്നിവയ്ക്ക് ഇന്ധന വിലയിലെ കുറവ് ഏറെ ആശ്വാസം പകരും. പൊതുമേഖലാ വിമാന കമ്പനിയായിരുന്ന എയർ ഇന്ത്യയെ ഏറ്റെടുത്ത ടാറ്റ ഗ്രൂപ്പ് ആഗോള വ്യോമയാന വിപണിയിലെ മുൻനിര സ്ഥാനം നേടാനുള്ള നടപടികൾക്ക് തുടക്കമിട്ടുണ്ട്. എയർ ഇന്ത്യയും മറ്റൊരു പ്രമുഖ എയർലൈനായ വിസ്താരയും ലയിപ്പിക്കാനുള്ള തീരുമാനം വരുംദിവസങ്ങളിൽ ഇന്ത്യൻ വിമാന യാത്രികർക്ക് വൻ നേട്ടമാകുമെന്നും ചൂണ്ടിക്കാട്ടുന്നു.

# ലക്ഷം അഭയാർഥികൾ, മരണം 3000 കടന്നു



**ജറുസലം:** കരയാക്രമണഭീതി ഉയരവേ, ഗാസ സിറ്റിയിലെയും വടക്കൻ ഗാസയിലെയും 11 ലക്ഷത്തോളം ജനങ്ങളോട് 24 മണിക്കൂറിനകം ഒഴിഞ്ഞുപോകാൻ ഇസ്രയേൽ ആവശ്യപ്പെട്ടു. പരിഭ്രാന്തരായ ആയിരങ്ങൾ കുട്ടികളുമായി ഈജിപ്ത് അതിർത്തിയോടു ചേർന്ന ഗാസയുടെ തെക്കൻമേഖലയിലേക്കു പലായനം തുടങ്ങി. 4 ലക്ഷം പേർ വിട്ടുപോയെന്ന് യുഎൻ അറിയിച്ചു. 3.38 ലക്ഷം പേരാണ് യുഎൻ ക്യാംപുകളിലുള്ളത്. വീടുവിട്ടു പോകരുതെന്നു ജനങ്ങളോടു പലസ്തീൻ തീവ്രവാദികൾ അഭ്യർഥിച്ചു. ഇസ്രയേൽ കരസേന ഗാസയിൽ റെയ്ഡ് തുടങ്ങി. ഇതുവരെ വ്യോമാക്രമണം മാത്രമാണു നടത്തിയിരുന്നത്.

ഒഴിപ്പിക്കൽ അസാധ്യമാണെന്നു ഗാസയിൽ പ്രവർത്തിക്കുന്ന ഐക്യരാഷ്ട്ര സംഘടന ഏജൻസികൾ വ്യക്തമാക്കി. ആശുപത്രികളിൽ കഴിയുന്നവരെ ഒഴിപ്പിക്കുന്നതു മരണശിക്ഷയായി മാറുമെന്ന് ലോകാരോഗ്യ സംഘടന മുന്നറിയിപ്പു നൽകി. സഹായമെത്തിക്കാനാവില്ലെന്ന് റെഡ്ക്രോസും അറിയിച്ചു. ജനങ്ങളെ 24 മണിക്കൂറിനകം ഒഴിപ്പിക്കണമെന്ന ആവശ്യം പലസ്തീൻ അതോറിറ്റി പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് തള്ളി. ഇസ്രയേൽ ആവശ്യത്തെ യുഎസ് പിന്തുണച്ചു. പലായനം രാജ്യത്തേക്ക് അനിയന്ത്രിത അഭയാർഥി പ്രവാഹമുണ്ടാക്കുമെന്ന ആശങ്കയിലാണ് ഈജിപ്ത്. ഇസ്രയേൽ വ്യോമാക്രമണങ്ങളിൽ ഗാസയിൽ 1799 പേർ കൊല്ലപ്പെട്ടതായി പലസ്തീൻ അറിയിച്ചു. ഇസ്രയേലിൽ 1300 പേരാണു കൊല്ലപ്പെട്ടത്.

ഇസ്രയേൽ ബോംബാക്രമണത്തിൽ ഗാസയിലെ വിവിധ കേന്ദ്രങ്ങളിൽ 13 ബന്ദികൾ കൊല്ലപ്പെട്ടെന്ന് ഹമാസ് ഭീകരർ അറിയിച്ചു.

എന്നാൽ, ഇസ്രയേൽ ഇതു നിഷേധിച്ചു. ശനിയാഴ്ചത്തെ ആക്രമണത്തിൽ ഹമാസ് ഭീകരർ 120 പേരെ ബന്ദികളാക്കിയതായി ഇസ്രയേൽ സ്ഥിരീകരിച്ചു.





# മത്സ്യോൽപാദനം കൂട്ടാൻ മാരികൾച്ചർ പാർക്കുകൾ വേണം സിഎംഎഫ്ആർഐ

**കൊച്ചി:** വർധിച്ചുവരുന്ന ഭക്ഷ്യപോഷക ആവശ്യകത പശ്ചാത്തലത്തിൽ മത്സ്യോൽപാദനം കൂട്ടാൻ മാരികൾച്ചർ പാർക്കുകൾ വരണമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഫ്ആർഐ). കൊച്ചിയിൽ നടന്ന 16ാമത് അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസിലാണ് സിഎംഎഫ്ആർഐ നിർദേശം അവതരിപ്പിച്ചത്.

കടലിൽ കൂടുമത്സ്യകൃഷിക്ക് ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയ തീരദേശ ജില്ലകളിലെ തീരങ്ങളിലാണ് മാരികൾച്ചർ പാർക് ഒരുക്കേണ്ടത്. ഇന്ത്യയിലാകെ 134 സ്ഥലങ്ങളിലായി 46,958 ഹെക്ടർ തീരക്കടൽ കൂടുമത്സ്യകൃഷിക്ക് അനുയോജ്യമാണെന്ന് സിഎംഎഫ്ആർഐ നേരത്തെ കണ്ടെത്തിയിരുന്നു. ഇതുകൂടാതെ, 333 സ്ഥലങ്ങൾ കടൽപായൽ കൃഷി ചെയ്യുന്നതിനും അനുയോജ്യമാണെന്നതും പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.വ്യവസ്ഥാപിതമല്ലാത്ത രീതിയിൽ പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന രീതിയിൽ കൂടുകൃഷികൾ വ്യാപിക്കുന്ന സാഹചര്യം ഒഴിവാക്കാൻ മാരികൾച്ചർ പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെ ഒഴിവാകും.

ഈ കൃഷിരീതികൾ വ്യവസ്ഥാപിതവും കേന്ദ്രീകൃതസ്വഭാവത്തോടെയും ചിട്ടപ്പെടുത്താൻ പാർക്കുകൾ വഴി സാധിക്കും. ഇത് തീരദേശ ആവാസവ്യവസ്ഥ കേടുകൂടാതെ സംരക്ഷിക്കാനും കഴിയുമെന്ന് സമ്മേളനത്തിൽ സിഎംഎഫ്ആർഐ അവതരിപ്പിച്ച പ്രബന്ധം ചൂണ്ടിക്കാട്ടി. സമഗ്രമായ ആസൂത്രണം, പുതിയ സാങ്കേതികവിദ്യകളുടെ പ്രചാരണം, അടിസ്ഥാനസൗകര്യവികസനം, നയരൂപീകരണം, സ്ഥലനിർണയം തുടങ്ങിയ മുന്നൊരുക്കങ്ങൾ പാർക്കുകൾ സ്ഥാപിക്കുന്നതിന് ആവശ്യമാണ്. തദ്ദേശീയമായ മാരികൾച്ചർ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി ബ്ലൂ ഇക്കോണമിയുടെ സാധ്യതകൾ മുതലെടുക്കാൻ ഈ പദ്ധതിയിലൂടെ കഴിയുമെന്നാണ് കരുതുന്നത്.

സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക വികസനലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കാൻ ഇത് വഴിയൊരുക്കുമെന്ന് പ്രബന്ധം അവതരിപ്പിച്ച ഡോ സുരേഷ്കുമാർ മൊജാഡ പറഞ്ഞു.കൂടുമത്സ്യകൃഷി, കടൽപായൽ കൃഷി, കല്ലുമ്മക്കായചിപ്പി വർഗങ്ങളുടെ കൃഷി, കടൽപായലും കൂടുകൃഷിയും സംയോജിപ്പിച്ചുള്ളരീതി (ഇംറ്റ) എന്നിവയുടെ സാങ്കേതികവിദ്യകൾ സിഎംഎഫ്ആർഐ വികസിപ്പിച്ചിട്ടുണ്ട്.ഭക്ഷ്യോൽപാദന സുസ്ഥിരതക്ക് മത്സ്യമേഖലയുടെ പങ്ക് എന്ന വിഷയത്തിലാണ് ചർച്ച നടന്നത്. നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസ് (നാസ്) സംഘടിപ്പിച്ച സമ്മേളനത്തിന് ആതിഥ്യമരുളിയത് സിഎംഎഫ്ആർഐയാണ്.

## സാംസങ് പുതിയ ബെസ്പോക് ഡബിൾ ഡോർ റഫ്രിജറേറ്റർ പുറത്തിറക്കി




**തിരുവനന്തപുരം:** സാംസങ് പുതിയ ബെസ്പോക് ഡബിൾ ഡോർ റഫ്രിജറേറ്റർ പുറത്തിറക്കി. കൺവേർട്ടബിൾ 5 ഇൻ1, ടിൻ കൂളിംഗ് പ്ലസ്, ഒപ്റ്റിമൽ ഫ്രെഷ് പ്ളസ്, സ്മാർട്ട്തിംഗ്സ് എഐ എനർജി മോഡ്, പവർ കൂൾ എന്നിവയാണ് ബെസ്പോകിന്റെ പ്രത്യേകതകൾ.

പ്രീമിയം കോട്ട സ്റ്റീൽ, ഗ്ലാസ് എന്നിങ്ങനെ രണ്ട് വേരിയന്റുകളിൽ ബെസ്പോക് ലഭ്യമാണ്. പ്രീമിയം കോട്ട മോഡലിനു 30,500 രൂപ മുതൽ 42,500 വരെയാണ് വില. കോട്ട ബീജ് ചാർക്കോൾ, കോട്ട ചാർക്കോൾ എന്നീ രണ്ട് കളർ ഓപ്ഷനുകളിൽ ഇത് ലഭ്യമാണ്. ബെസ്പോക് ഗ്ലാസ് വേരിയന്റിനു 54,000 രൂപ മുതൽ 57,800 വരെയാണ് വില. ക്ലീൻ വൈറ്റ് പിങ്ക് ഗ്ലാസ്, ക്ലീൻ ബ്ലാക്ക് ഗ്ലാസ് എന്നീ രണ്ട് കളർ ഓപ്ഷനുകളിൽ ലഭിക്കും.ബെസ്പോക്ക് ഗ്ലാസ് വേരിയന്റിലെ സ്മാർട്ട്തിങ്സ് എഐ എനർജി മോഡ് ഊർജ്ജ ഉപഭോഗം കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ ഉപഭോക്താക്കളെ പ്രാപ്തരാക്കുമെന്നു സംസങ് ഇന്ത്യയുടെ ഡിജിറ്റൽ അപ്ലയൻസ് ബിസിനസ് സീനിയർ ഡയറക്ടർ സൗരഭ് ബൈശാഖിയ പറഞ്ഞു.




## കമ്പനി സെക്രട്ടറീസ് ദ്വിദിന സമ്മേളനത്തിന് തുടക്കമായി

**കൊച്ചി:** ലോക സാമ്പത്തിക ക്രമത്തിലെ മാറ്റത്തിന് അനുസരിച്ച് കമ്പനി സെക്രട്ടറിമാരുടെ ജോലി സങ്കീർണമാവുകയാണെന്ന് മണപ്പുറം ഗ്രൂപ്പ് സി ഇ ഒയും മാനേജിംഗ് ഡയറക്ടറുമായ വി പി നന്ദകുമാർ പറഞ്ഞു.

പതിനഞ്ചാമത് സതേൺ ഇന്ത്യ റീജ്യണൽ കോൺഫറൻസ് ഓഫ് പ്രാക്ടീസിംഗ് കമ്പനി സെക്രട്ടറീസ് കൊച്ചി റാഡിസൺ ബ്ലൂവിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സതേൺ ഇന്ത്യ റീജ്യണൽ ചെയർമാൻ എം ദാമോദരൻ അധ്യക്ഷത വഹിച്ചു. കൊച്ചി ചാപ്റ്റർ ചെയർമാൻ ശരത് ശശിധര, ഐ സി എസ് ഐ കൗൺസിൽ അംഗം വെങ്കട്ട രമണ, സതേൺ ഇന്ത്യ റീജ്യണൽ സെക്രട്ടറി ഇ പി മധുസൂദനൻ എന്നിവർ പ്രസംഗിച്ചു. രണ്ടു ദിവസം നീണ്ടു നിൽക്കുന്ന കോൺഫറൻസിൽ ആദ്യ ദിനം സുന്ദരേശൻ ജയമൂർത്തി, എ ശേഖർ, ആർ കൃഷ്ണൻ, ജയൻ കെ എന്നിവർ കോർപ്പറേറ്റ് ഗവേണൻസ് മേഖലയിലെ വിവിധ വിഷയങ്ങളിൽ അവതരണം നടത്തി.

രണ്ടാം ദിവസം ബി അനിൽ കുമാർ, പ്രകുൽ താടി, ബിജോയ് പുലിപ്ര, കെ എസ് രവിചന്ദ്രൻ, ശ്രീകാന്ത് മോഹൻ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിക്കും.

## കാർഷിക വ്യവസായ സ്ഥാപനങ്ങളുടെ സി എസ് ആർ ഫണ്ടിംഗ് കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ഉന്നമനത്തിന് വിനിയോഗിക്കണം

**കൊച്ചി:** കാർഷികമേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സിഎസ്ആർ) ഫണ്ടുകൾ കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് വേണ്ടി വിനിയോഗിക്കുന്ന സ്ഥിതിതിയുണ്ടാവണമെന്ന് നിർദേശം. 16ാമത് അഗ്രികൾച്ചർ സയൻസ് കോൺഗ്രസിൽ നടന്ന കാർഷികരംഗത്തെ വ്യവസായികളും ശാസ്ത്രജ്ഞരും തമ്മിലുള്ള ആശയസംവാദത്തിലാണ് ഈ നിർദേശമുയർന്നത്. മത്സ്യമൃഗസംരക്ഷണ രംഗത്ത് തദ്ദേശീയമായ തീറ്റകൾ വികസിപ്പിക്കുന്നത് കൃഷിച്ചിലവ് കുറക്കാൻ സഹായിക്കും. ഉൽപന്നങ്ങളുടെ വിപണി ഉറപ്പുവരുത്തുന്നതിന് ഗവേഷണവ്യവസായ സ്ഥാപനങ്ങൾ സഹകരിച്ചുള്ള ഗവേഷണങ്ങളുണ്ടാകണമെന്നും നിർദേശമുയർന്നു.കാർഷികമൃഗസംരക്ഷണമത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളും ശാസ്ത്രജ്ഞരുമാണ് സംഗമത്തിൽ പങ്കെടുത്തത്.ഡോ ശ്യാം നാരായൺ ഝാ അധ്യക്ഷത വഹിച്ചു. ഡോ സി ആർ മേത്ത, ഡോ ആർ ഭട്ട, ഡോ ജോർജ് നൈനാൻ, ജെയിംസ് പി ജോർജ്, ഡോ ഭരത്, ഡോ സംഗീത ദാവർ, മുഹമ്മദ് സേട്ട്, ഡോ ശ്യാം എസ് സലീം എന്നിവർ സംസാരിച്ചു.




## വിദ്യാഭ്യാസം, തൊഴിൽ, പരിശീലനം എന്നിവയ്ക്ക് മുൻഗണന നൽകണം

**കൊച്ചി:** മാറ്റങ്ങൾ ഉൾക്കൊള്ളാൻ തയാറാകുന്ന ഒരു സമൂഹത്തിനു മാത്രമേ നാടിനെയും സ്ഥാപനങ്ങളെയും മുന്നോട്ട് നയിക്കാൻ കഴിയൂ എന്ന് എൻഡിബിഐ ചെയർമാനും എൻ ഐ എഫ് ടി ഫാഷൻ മാനേജ്മെന്റ് സ്ഥാപക ചെയർപേഴ്സണുമായ ഡോ. ഡാർലി ഒ കോശി പറഞ്ഞു.

കേരള മാനേജ്മെൻറ് അസോസിയേഷൻ സംഘടിപ്പിച്ച ലീഡർ ഇൻസൈറ്റ് സെഷനിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നുഅദ്ദേഹം. കാലോചിതമായ പരിഷ്കാരങ്ങൾ വിദ്യാഭ്യാസ രീതിയിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. രാജ്യത്തെ യുവസമൂഹത്തെ ഏതുവിധം പ്രയോജനപ്പെടുത്തണം എന്നത് സംബന്ധിച്ച് ക്രിയാത്മകമായ ചർച്ചകളോ ആലോചനകളോ നടക്കുന്നില്ല. ജനസംഖ്യാ വർധന എങ്ങനെ കൈകാര്യം ചെയ്യും എന്നതിനെ കുറിച്ച് ക്രിയാത്മകമായ പഠനങ്ങളോ ചിന്തകളോ നടക്കുന്നില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമൂലമായ മാറ്റം വേണം. തൊഴിൽ വൈദഗ്ധ്യം വളരെ ഗൗരവമായി കൈകാര്യം ചെയ്യേണ്ടതാണ്. വിദ്യാഭ്യാസം, തൊഴിൽ, പരിശീലനം എന്നിവയ്ക്ക് മുൻഗണന നൽകിയേ മതിയാകൂ. നൈപുണ്യവും വൈദഗ്ധ്യവുമുള്ള ഒരു തലമുറയെ വാർത്തെടുത്താൽ മാത്രമേ പുതുതലമുറയ്ക്ക് നിലനിൽപ്പുല്ള്ളൂ.

രാജ്യത്തിന് പുറത്തേക്ക് ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്നവരുടെ എണ്ണം വർധിക്കുന്നത് എന്ത്കൊണ്ടാണെന്ന് ഗൗരവമായി ചിന്തിക്കണം. സമ്പദ്വ്യവസ്ഥയിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ടാൽ മാത്രമേ ഏത് മേഖലയിലും മാനേജ്മെൻറ് വൈദഗ്ധ്യം ഫലവത്താകൂ എന്നും അദ്ദേഹം പറഞ്ഞു. പുതിയ തലമുറയ്ക്ക് ആവശ്യമായ രീതിയിൽ പാഠ്യപദ്ധതികൾ പരിഷ്കരിക്കാൻ തയാറായേ മതിയാകൂ. ലോകത്തിലുണ്ടായ മാറ്റങ്ങൾ ഉൾക്കൊണ്ടുള്ള പഠനവും പരിശീലനവും നൽകിയാൽ മാത്രമേ രാജ്യത്തിൻറെ യുവശക്തിയെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ കഴിയൂ എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കെ എം എ സീനിയർ വൈസ് പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് കെ. ഹരികുമാർ സ്വാഗതവും ഓണററി സെക്രട്ടറി ദിലീപ് നാരായണൻ നന്ദിയും പറഞ്ഞു.

## നെറ്റ് വർക്കിങ്ങ് പ്ലാറ്റ്ഫോം ഖുൽ കെ ആരംഭിച്ചു

കൊച്ചി: മഹാത്മാ ഗാന്ധിയുടെ ജന്മ വാർഷികത്തിന്റെ ഭാഗമായി ഖുൽ കെ എന്ന നവീനമായ ഇന്ത്യൻ ആപ്പ് തുടക്കം കുറിച്ചു. ദൃശ്യശ്രവ്യ വിഷയങ്ങളെ അടിസ്ഥാനമാക്കി കൊണ്ട് ഈ ആപ്പിലൂടെ പരസ്പരം വീക്ഷണങ്ങൾ പങ്കുവയ്ക്കുകയും മറ്റുള്ളവരുമായി സംഭാഷണങ്ങളിൽ ഏർപ്പെടുകയും ചെയ്യാമെന്നും ചെറുതും വലുതുമായ വിഡിയോകൾ, ഓൺലൈൻ മീറ്റ് അപ ്, മൈക്രോബ്ലോഗിങ്ങ് എന്നിവ ഈ പ്ലാറ്റ്ഫോമിന്റെ സവിശേഷതകളാണെന്ന് ഖുൽ കെയുടെ സ്ഥാപകനും സിഇഒയുമായ പീയുഷ് കുൽശ്രേഷ്ഠ പറഞ്ഞു.

മാറ്റത്തിനു തിരി കൊളുത്തുവാൻ സമൂഹ മാധ്യമങ്ങൾക്ക് കരുത്തുള്ള ഇന്നത്തെ ഈ യുഗത്തിൽ ഓരോ ഇന്ത്യക്കാരനും, പ്രത്യേകിച്ച് യുവാക്കൾക്കും പ്രചോദനം നൽകുന്നവർക്കും, അർത്ഥപൂർണ്ണമായ സംഭാഷണങ്ങളിൽ ഏർപ്പെടുവാനും തങ്ങളുടെ വീക്ഷണങ്ങൾ പങ്കുവയ്ക്കുവാനും നമ്മുടെ സമൂഹത്തിലേക്ക് സജീവമായി സംഭാവന ചെയ്യുവാനും ഒരു വേദി ഒരുക്കുക എന്നതിന് പ്രതിബദ്ധമാണ് ഖുൽ കെ. നമ്മൾ പരസ്പരം ബന്ധപ്പെടുകയും സംവദിക്കുകയും സ്വാധീനം ചെലുത്തുകയും ആത്യന്തികമായി ഇന്ത്യയുടെ തിളങ്ങുന്ന ഭാവിക്ക് രൂപം നൽകുകയും ചെയ്യുന്ന രീതി പുനർ നിർവചിക്കുവാനാണ് ഞങ്ങൾ ഇവിടെ തയാറാകുന്നത്.

സമൂഹ മാധ്യമ ലോകത്തിന് 3 അടിസ്ഥാനപരമായ തൂണുകൾ ആവശ്യമാണ്കൃത്യത, വിശ്വാസ്യത, എപ്പോഴും ബന്ധപ്പെടാനുള്ള അവസരം ലഭിക്കുക; സമൂഹ മാധ്യമ ആവാസ വ്യവസ്ഥയെ പുനർ വിഭാവനം ചെയ്ത് അതിനെ മറ്റൊരു തലത്തിലേക്ക് എത്തിക്കുവാനാണ് തങ്ങൾ ശ്രമിക്കുന്നതെന്നും പീയുഷ് കുൽശ്രേഷ്ഠ പറഞ്ഞു.ലൈവ് പോഡ്കാസ്റ്റിങ്ങിനും പരസ്പരം ഇടപഴകുന്ന സെഷനുകൾക്കും അനുയോജ്യമായ വിഷയാധിഷ്ഠിതമായ മോഡറേറ്റ് ചെയ്യപ്പെടുന്ന സംഭാഷണങ്ങൾക്കുള്ള വേദിയായ റൌണ്ട് ടേബിൾ, മൈക്രോ ബ്ലോഗിങ്ങ് സവിശേഷതയായ ടൗൺ ഹാൾ, രണ്ടര മിനിറ്റ് ദൈർഘ്യമുള്ള വിഡിയോകൾ അപ്ലോഡ് ചെയ്യാൻ സാധിക്കുന്ന സ്നിപ് ഇറ്റ്, പെട്ടെന്നുണ്ടാകുന്ന പ്രശ്നങ്ങളെ കുറിച്ച് ജനങ്ങളുടെ ഉടനടിയുള്ള പ്രതികരണങ്ങൾ ക്ഷണിക്കുകയും പൊതു ജനങ്ങൾ ശ്രദ്ധ കൊടുക്കേണ്ട വിഷയങ്ങൾ കൊണ്ടു വരികയും ചെയ്യുന്ന ബോൽ ഖുൽ കെ എന്നീ സവിശേഷതകൾ കൂടാതെ ഗൂഗിൾ, ഔട്ട് ലുക്ക് അക്കൗണ്ടുകളുമായി തടസ്സമില്ലാതെ ഏകോപിപ്പിച്ചിരിക്കുന്ന മീറ്റ്അപ് എന്ന ശ്രവ്യദൃശ്യ വേദി, സംഘാടനവും യോഗങ്ങൾ വിളിച്ചു ചേർക്കലുമൊക്കെ ലളിതവൽക്കരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

## പൊന്ത കാട് കെട്ടി ഏകാംഗ കലാപ്രദർശനം

**കൊച്ചി:** കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന സത്യഭാമ കെ.യുടെ ഏകാംഗ കലാപ്രദർശനം പൊന്ത കാട്കെട്ടി 2023 ഒക്ടോബർ 16 ന് തൃശൂർ ആർട്ട് ഗ്യാലറിയിൽ ആരംഭിക്കുന്നു.

കേരള ലളിതകലാ അക്കാദമിയുടെ 202223ലെ സമകാലിക ഏകാംഗ പ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്. പ്രദർശനത്തിന്റെ ഉദ്ഘാടനം ഒക്ടോബർ 16 വൈകുന്നേരം 3.30ന് അക്കാദമി സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കലാചരിത്രകാരിയും തൃശൂർ ഫൈൻ ആർട്സ് കോളേജ് അദ്ധ്യാപികയുമായ ഡോ. കവിത ബാലകൃഷ്ണൻ നിർവ്വഹിക്കും. പാവേലാണ് പ്രദർശനം ക്യൂറേറ്റ് ചെയ്യുന്നത്.ദൈനംദിനജീവിതത്തിൽ താൻ ഇടപെടുന്ന വസ്തുക്കളെയും അഭിമുഖീകരിക്കേണ്ടിവരുന്ന മനുഷ്യരെയും ലളിതവും ജൈവികവുമായ വരകളിലൂടെയും വർണ്ണങ്ങളിലൂടെയും അടയാളപ്പെടു ത്തുന്നവയാണ് സത്യഭാമയുടെ ചിത്രങ്ങൾ.

തന്റെ തൊഴിലാളിജീവിതത്തിന്റെയും ലോകബന്ധങ്ങളുടെയും തുടർച്ചയെന്നോണമാണ് അവർ കലയുമായി ഇടപെടുന്നത്. സാമ്പ്രദായിക കലാ വിദ്യാഭ്യാസത്തിന്റെ ഘടനകൾക്ക് പുറത്തുനിന്നുകൊണ്ട് കലാപ്രവർത്തനങ്ങളിലേർപ്പെടുന്ന സത്യഭാമ, വിവേചനരഹിതമായി ചുറ്റുപാടുകളെ തന്റെ കലയിലൂടെ സമീപിക്കുന്നു.പ്രദർശനം ഒക്ടോബർ 25ന് സമാപിക്കും. പ്രദർശന സമയം രാവിലെ 10 മണി മുതൽവൈകുന്നേരം 6.30 വരെയാണ്.

## വേല നവംബർ 10ന് തിയേറ്ററുകളിലേക്ക്; ലിറിക്കൽ വീഡിയോ റിലീസ് ചെയ്തു




**കൊച്ചി:** ആർ.ഡി.എക്സിന്റെ വൻ വിജയത്തിന് ശേഷം സാം.സി.എസ്സിന്റെ സംഗീത സംവിധാനത്തിൽ ഷെയിൻ നിഗം ഗാനരംഗത്തിലെത്തുന്ന വേലയിലെ പാതകൾ പലർ എന്ന ഗാനത്തിന്റെ ലിറിക്കൽ വീഡിയോ റിലീസായി. അൻവർ അലി ഗാനരചന നിർവഹിച്ചിരിക്കുന്ന വേലയിലെ ഗാനം ആലപിച്ചിരിക്കുന്നത് ഹരിചരൺ ആണ്.

ഷെയിൻ നിഗവും സണ്ണി വെയ്നും കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ചിത്രത്തിന്റെ ട്രെയിലറിന് വൻ സ്വീകാര്യതയാണ് ലഭിച്ചത്. പോലീസ് കൺട്രോൾ റൂമിന്റെ പശ്ചാത്തലത്തിൽ കഥ പറയുന്ന ചിത്രത്തിൽ ഷെയിൻ നിഗം ഉല്ലാസ് അഗസ്റ്റിൻ എന്ന പോലീസ് ഉദ്യോഗസ്ഥനെയും മല്ലികാർജുനൻ എന്ന പോലീസ് കഥാപാത്രത്തെ സണ്ണിവെയ്നും അവതരിപ്പിക്കുന്നു. സിദ്ധാർഥ് ഭരതൻ ചിത്രത്തിൽ ശ്രേദ്ധേയമായ പോലീസ് കഥാപാത്രത്തിലെത്തുന്നു.സിൻസിൽ സെല്ലുലോയ്ഡിന്റെ ബാനറിൽ എസ്.ജോർജ് നിർമ്മിക്കുന്ന വേലയുടെ സംവിധാനം ശ്യാം ശശിയും തിരക്കഥ എം.സജാസും നിർവഹിച്ചിരിക്കുന്നു. അതിഥി ബാലൻ പ്രധാന കഥാപാത്രത്തിലെത്തുന്ന വേലയുടെ ഓഡിയോ റൈറ്റ്സ് ടി സീരീസാണ് കരസ്ഥമാക്കിയത്. ബാദുഷ പ്രൊഡക്ഷൻസാണ് ചിത്രത്തിന്റെ സഹനിർമ്മാതാക്കൾ. നവംബർ 10നാണ് ചിത്രം കേരളത്തിലെ തീയേറ്ററുകളിലേക്കെത്തുന്നത്. ദുൽഖർ സൽമാന്റെ വേഫേറെർ ഫിലിംസ് കേരളത്തിൽ ചിത്രം വിതരണം നിർവഹിക്കുന്നത്.

വേലയുടെ അണിയറപ്രവർത്തകർ ഇവരാണ്: ചിത്രസംയോജനം : മഹേഷ് ഭുവനേന്ദ്, ഛായാഗ്രഹണം : സുരേഷ് രാജൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ : സുനിൽ സിംഗ് , പ്രൊഡക്ഷൻ കൺട്രോളർ : പ്രശാന്ത് നാരായണൻ, പ്രൊജക്റ്റ് ഡിസൈനർ : ലിബർ ഡേഡ് ഫിലിംസ്, മ്യൂസിക് : സാം സി എസ് , സൗണ്ട് ഡിസൈൻ വിക്കി,കിഷൻ, ഫൈനൽ മിക്സിങ്: എം ആർ രാജാകൃഷ്ണൻ, കലാ സംവിധാനം : ബിനോയ് തലക്കുളത്തൂർ, വസ്ത്രാലങ്കാരം :ധന്യ ബാലകൃഷ്ണൻ, കൊറിയോഗ്രാഫി: കുമാർ ശാന്തി, ഫിനാൻസ് കൺട്രോളർ: അഗ്നിവേശ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് : എബി ബെന്നി, ഔസേപ്പച്ചൻ, ലിജു നടേരി, പ്രൊഡക്ഷൻ മാനേജർ: മൻസൂർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ: പ്രശാന്ത് ഈഴവൻ, അസോസിയേറ്റ് ഡയറക്റ്റേർസ് : തൻവിൻ നസീർ, ഷൈൻ കൃഷ്ണ, അസിസ്റ്റന്റ് ഡയറക്ടേഴ്സ് : അഭിലാഷ് പി ബി, അദിത്ത് എച്ച് പ്രസാദ്, ഷിനോസ്, മേക്കപ്പ് : അമൽ ചന്ദ്രൻ,സംഘട്ടനം : പി സി സ്റ്റണ്ട്സ്, ഡിസൈൻസ്: ടൂണി ജോൺ ,സ്റ്റിൽസ് ഷുഹൈബ് എസ് ബി കെ, പബ്ലിസിറ്റി : ഓൾഡ് മംഗ്സ്, ഡിജിറ്റൽ മാർക്കറ്റിംഗ് : വിഷ്ണു സുഗതൻ,പി ആർ ഒ: പ്രതീഷ് ശേഖർ.

## ഐ.ടി.ഐകളിൽ കൂടുതൽ ജോലി സാധ്യതയുള്ള ട്രേഡുകൾ ആരംഭിക്കും: മന്ത്രി വി. ശിവൻകുട്ടി

**തിരുവനന്തപുരം:** സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ കൂടുതൽ ജോലി സാധ്യതയുള്ള പുതുതലമുറ ട്രേഡുകൾ ആരംഭിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി. അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ ദേശീയതലത്തിലും സംസ്ഥാന തലത്തിലും റാങ്ക് നേടിയവരെയും ഈ വർഷത്തെ ദേശീയ അധ്യാപക പുരസ്കാര ജേതാക്കളായ ഇൻസ്ട്രക്ടമാരെയും അനമോദിക്കുന്ന മെറിറ്റോറിയ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. സ്പെക്ട്രം ജോബ് ഫെയർ2023ലൂടെ തൊഴിൽ നേടിയവർക്കുള്ള നിയമന ഉത്തരവുകളും മന്ത്രി വേദിയിൽ വച്ച് കൈമാറി.

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ വളരെ തിളക്കമാർന്ന വിജയമാണ് സംസ്ഥാനത്തിന് നേടാൻ കഴിഞ്ഞതെന്ന് മന്ത്രി പറഞ്ഞു. 2023 ജൂലൈയിൽ നടന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുവാനും ഓഗസ്റ്റ് 19ന് തന്നെ റിസൾട്ട് പ്രഖ്യാപിക്കുവാനും വ്യാവസായിക പരിശീലന വകുപ്പ് പരീക്ഷാവിഭാഗത്തിന്റ സഹായത്തോടെ ഡി.ജി.റ്റിയ്ക്ക് കഴിഞ്ഞു.

വിവിധ ഐ.ടി.ഐകളിൽ 76 സി.റ്റി.എസ്. ട്രേഡുകളിലായി പരിശീലനം നേടിയ 49,930 ട്രെയിനികളാണ് ഇക്കൊല്ലം പരീക്ഷ എഴുതിയത്. ഇതിൽ സംസ്ഥാനത്തിന്റെ വിജയം 96.52 ശതമാനമാണ്. ദേശീയ തലത്തിൽ 41 ട്രേഡുകളിൽ കേരളത്തിൽ നിന്നുള്ള 55 ട്രെയിനികൾ ദേശീയ റാങ്ക് ജേതാക്കളായി. പരീക്ഷ നടത്തിപ്പിന്റെ മികവിൽ ദേശീയ തലത്തിൽ കേരളത്തിന് രണ്ടാം സ്ഥാനം ലഭിച്ചതും വകുപ്പിന്റെ അഭിമാനാർഹമായ നേട്ടമാണെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

ഈ വർഷം മുതൽ നൈപുണി മന്ത്രാലയത്തിന്റെ കീഴിൽ ഏർപ്പെടുത്തിയ 12 ദേശീയ അധ്യാപക അവാർഡുകളിൽ ഏഴും ഐ.റ്റി.ഐകളിലെ അധ്യാപകർക്കായിരുന്നു. ഇതിൽ രണ്ട് ദേശീയ അവാർഡുകൾ കരസ്ഥമാക്കിക്കൊണ്ട് വകുപ്പിന്റെ അഭിമാനമായി മാറിയ അധ്യാപകരെ പ്രത്യേകം അനുമോദിക്കുന്നതായും മന്ത്രി പറഞ്ഞു.

ഐ.ടി.ഐ വിജയിക്കുന്ന ട്രെയിനികൾക്ക് ഇന്ത്യയിലും വിദേശത്തും നിരവധി തൊഴിലവസരങ്ങളാണ് പ്ലേസ്മെന്റ് സെല്ലുകളിലൂടെയും വ്യാവസായിക പരിശീലന വകുപ്പ് ഒരോ വർഷവും സംഘടിപ്പിക്കുന്ന സ്പെക്ട്രം ജോബ് ഫെയറിലൂടെയും സർക്കാർ നൽകാൻ ലക്ഷ്യമിടുന്നതായും മന്ത്രി അറിയിച്ചു. വിദ്യാർഥികളുടെ വളർച്ചയിൽ അധ്യാപകരുടെ പങ്ക് വളരെ വലുതാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു പറഞ്ഞു. അധ്യാപകൻ എപ്പോഴും വിദ്യാർഥികൾക്ക് പ്രചോദനമാകണമെന്നും രാജു കൂട്ടിച്ചേർത്തു.

തിരുവനന്തപുരം അയ്യൻകാളി ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ,വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ ഡോ.വീണ എൻ. മാധവൻ, കേരള നോളജ് ഇക്കോണമി മിഷൻ മെമ്പർ സെക്രട്ടറി പി.വി ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

## നിസാൻ മാഗ്നൈറ്റ് ഇസി ഷിഫ്റ്റ് പുറത്തിറക്കി; പ്രാരംഭ വില 6,49,900രൂപ

**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ പുതിയ നിസാൻ മാഗ്നൈറ്റ് ഇസി ഷിഫ്റ്റ് പുറത്തിറക്കി. 6,49,900 രൂപയാണ് പ്രാരംഭ വില. നവംബർ 10 വരെ പ്രത്യേക നിരക്കിന് പ്രാബല്യമുണ്ടാകും. 11,000 രൂപയാണ് ബുക്കിംഗ് തുക.

ഓട്ടോമേറ്റഡ് മാനുവൽ ട്രാൻസ്മിഷൻ വാഹനങ്ങളിൽ ഏറ്റവും ആകർഷകമായ വിലയാണ് നിസാൻ മാഗ്നൈറ്റ് ഇസി ഷിഫ്റ്റിനു പ്രഖ്യാപിച്ചത്.മികച്ച ഡ്രൈവിങ് അനുഭവവും കാര്യക്ഷമതയും നൽകുന്ന വാഹനം എക്സ് ഇ , എക്സ് എൽ, എക്സ് വി, എക്സ് വി പ്രീമിയം, മാഗ്നൈറ്റ് കുറോ സ്പെഷ്യൽ എഡിഷൻ ഗ്രേഡുകളിൽ ലഭിക്കും.

മാനുവൽ വേരിയന്റിനു 19.35 കി. മീറ്ററും ഇസി ഷിഫ്റ്റിനു 19.70 കി. മീറ്ററും ഇന്ധനക്ഷമതയുണ്ട്.

നിസാൻ മാഗ്നൈറ്റ് ഇസി ഷിഫ്റ്റിന്റെ ഇരട്ട ഡ്രൈവിങ് മോഡ് ഓട്ടോമാറ്റിക്, മാനുവൽ ഡ്രൈവിങ് തിരഞ്ഞെടുക്കാൻ അവസരമൊരുക്കുന്നു.

കുറഞ്ഞ വിലയും മികച്ച കാര്യക്ഷമതയും സുരക്ഷാ മാനദണ്ഡങ്ങളും ഉറപ്പാക്കിയ നിസാൻ മാഗ്നൈറ്റ് ഇസി ഷിഫ്റ്റ് ആവേശകരമായ യാത്രാനുഭവം നൽകുമെന്ന് നിസാൻ മോട്ടോർ ഇന്ത്യ എംഡി രാകേഷ് ശ്രീവാസ്തവ പറഞ്ഞു. എഎംടി വിഭാഗത്തിൽ ഇത്രയും മേന്മകൾ മറ്റൊന്നിനുമില്ല.

വെഹിക്കിൾ ഡൈനാമിക് കൺട്രോൾ, ഹിൽ സ്റ്റാർട്ട് അസിസ്റ്റ് എന്നിവയും വാഹനത്തിനുണ്ട്. നിസാൻ മാഗ്നൈറ്റ് ഇസി ഷിഫ്റ്റ് കാർ വിപണിയിൽ പുതിയ തരംഗം സൃഷ്ടിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

# പ്രകൃതിക്കും മനുഷ്യനും ദോഷമില്ലാത്ത ബയോ പേപ്പർ ഉൽപ്പന്നം ഉടനെ വിപണിയിലെത്തുമെന്ന് കേരള ബയോ ഡിഗ്രേഡബിൾ പേപ്പർ പ്രോഡക്റ്റ്സ് മാനുഫാക്ചേഴ്സ് അസോസിയേഷൻ

**കൊച്ചി:** പ്രകൃതിക്കും മനുഷ്യനും മറ്റു സഹജീവികൾക്കും ദോഷമില്ലാത്തതും പൂർണ്ണമായി മണ്ണിൽ ലയിച്ച് ചേരുതുമായ ബയോ പേപ്പർ ഉൽപ്പന്നം ഉടനെ വിപണിയിലെത്തുമെന്ന് കേരള ബയോ ഡിഗ്രേഡബിൾ പേപ്പർ പ്രോഡക്റ്റ്സ് മാനുഫാക്ചേഴ്സ് അസോസിയേഷൻ പ്രസിഡന്റ് കെ.പി.അബ്ദുൾ നാസർ, സെക്രട്ടറി ഷൈൻ കരീപ്പടത്ത് എന്നിവർ പറഞ്ഞു.

കഴിഞ്ഞ 7 വർഷക്കാലത്തെ നിരീക്ഷണങ്ങളുടെയും പരീക്ഷണങ്ങളുടെയും ഫലമായി കേന്ദ്രസംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൻറെ അംഗീകാരത്തോടെയാണ് ബി ഐ എസ് സ്റ്റാൻഡേർഡ് പാസ്സായിട്ടുള്ള ഈ പ്രോഡക്റ്റ് ജനങ്ങളിലേക്ക് എത്തുത്. ബയോ പേപ്പർ ഉൽപ്പങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യാനുള്ള ലൈഫ് ലോങ് അപ്രൂവൽ ലഭിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായിട്ടാണ് ഇങ്ങനെയൊരു പ്രോഡക്റ്റിന് കേന്ദ്ര ഗവൺമെന്റെ അപ്രൂവൽ ലഭിക്കുന്നതെന്നും ഇവർ പറഞ്ഞു.പേപ്പർ പ്ലേറ്റ് ,കേക്ക് ബോക്സ്, സ്നാക്സ് ബോക്സ്, പിസ ബോക്സ്, ഫുഡ് റാപ്പിംഗ് പേപ്പർ, ബനാന ലീഫ് പേപ്പർ, പേപ്പർ ലിഡ്, പേപ്പർകപ്പ്, പേപ്പർ സ്ട്രോ തുടങ്ങിയ ഉൽപ്പങ്ങളാണ് ഇപ്പോൾ വിപണിയിൽ എത്തിക്കുന്നത്. വരുംദിവസങ്ങളിൽ കൂടുതൽ പ്രോഡക്ടുകൾ എത്തിക്കാനുള്ള ശ്രമങ്ങൾ നടുകൊണ്ടിരിക്കുന്നു.

ഒരോ ഉൽപ്പത്തിലും രേഖപ്പെടുത്തിയിട്ടുള്ള ക്യൂ ആർ കോഡ് സ്കാൻ ചെയ്താൽ ആ പ്രോഡക്റ്റിനെ കുറിച്ച് വ്യക്തമായ വിവരം പൊതു സമൂഹത്തിന് അറിയാൻ സാധിക്കും. കേന്ദ്ര ഗവൺമെൻറും കേരള ഗവൺമെൻറും നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് വളരെ സുതാര്യമായ രീതിയിലാണ് പുതിയ പ്രോഡക്റ്റ് കൊണ്ടുവരുന്നത്. ഇതിൽ പ്ലാസ്റ്റിക്കോ മൈക്രോ പ്ലാസ്റ്റിക്കോ അടങ്ങിയിട്ടില്ലെന്ന് കേന്ദ്രസംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അംഗീകരിച്ചിട്ടുള്ളതാണെന്നും ഇവർ വ്യക്തമാക്കി.ബയോ ഡിഗ്രഡേഷൻ, സീഡ് ജർമിനേഷൻ, ഹെവി മെറ്റൽ അനാലിസിസ്, എർത്ത് വേം അനാലിസിസ്, ഫുഡ് മൈഗ്രേഷൻ, റീസൈക്ലബിൾ ആൻഡ് റീ പൾപ്പബിൾ ടെസ്റ്റ്, ഓയിൽ ആൻഡ് ഗ്രീസ്സ് റെസിസ്റ്റൻസ് ടെസ്റ്റ്, യു എസ് എ ഫ് ടി എ തുടങ്ങിയ ടെസ്റ്റുകൾ പാസ്സായ ബയോ പേപ്പർ പ്രോഡക്റ്റിന് ശുചിത്വമിഷൻറെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. ആദ്യമായി കേരളത്തിൽ ഇ പി ആർ രജിസ്റ്റർ ചെയ്യു ഉൽപ്പം എന്ന പ്രത്യേകതയും ഉണ്ടെന്നും ഇവർ വ്യക്തമാക്കി.വിവിധ സർക്കാർ ഏജൻസികളുടെ അംഗീകാരത്തോടെ കേരളത്തിൽ നിർമ്മിക്കുന്ന ബയോ പേപ്പർ പ്രോഡക്റ്റ് ഇന്ത്യയിൽ എവിടെയും വിൽപ്പന നടത്താനുള്ള അനുമതി കേന്ദ്ര ഗവൺമെൻറ് നൽകിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ പ്രധാനമായും വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്നത് കേരളത്തിലാണ്. 25000 പേർക്ക് നേരിട്ടും നാൽപ്പതിനായിരത്തോളം ആളുകൾക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്ന പുതിയൊരു വ്യവസായ സംരംഭത്തിനാണ് തുടക്കം കുറിക്കുന്നതെന്നും ഇവർ പറഞ്ഞു.

# കെഎസ് യുഎം സ്റ്റാർട്ടപ്പായ യുഫാംസ്.ഐഒയ്ക്ക് യുകെ സ്റ്റാർട്ടപ്പ് വിസ ലഭിച്ചു

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനിൽ ഇൻകുബേറ്റ് ചെയ്ത കാർഷിക സാങ്കേതിക സ്റ്റാർട്ടപ്പായ യുഫാംസ്. ഐ ഒയ്ക്ക് ബ്രിട്ടനിലെ സ്റ്റാർട്ടപ്പ് വിസ ലഭിച്ചു. ഇതു വഴി ബ്രിട്ടനിലെ കമ്പനി പ്രവർത്തനങ്ങൾ തുടങ്ങാനും വിപുലീകരിക്കാനുമുള്ള അവസരം ലഭിക്കും.ആഗോളതലത്തിൽ കാർഷിക സാങ്കേതികവിദ്യാ രംഗത്ത് വിപ്ലകരമായ മാറ്റങ്ങൾ കൊണ്ടു വരാനുള്ള യുഫാംസിൻറെ ശ്രമങ്ങളുടെ അംഗീകാരമായാണ് ഇതിനെ കാണുന്നത്.

പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള ആഗോള പരിശ്രമങ്ങൾക്ക് ഏറെ സഹായകരമാണ് അന്താരാഷ്ട്ര വിപണിയിലേക്കുള്ള പ്രവേശനമെന്ന് യുഫാംസിൻറെ സഹസ്ഥാപകൻ എബിൻ ഏലിയാസ് പറഞ്ഞു. ബ്രിട്ടീഷ് സമ്പദ് വ്യവസ്ഥയിലും സാങ്കേതിക അന്തരീക്ഷത്തിലും മികച്ച സംഭാവനകൾ നൽകാൻ ഇതിലൂടെ യുഫാംസിന് സാധിക്കും.ഇൻറർനെറ്റ് ഓഫ് തിംഗ്സ്, ഡാറ്റ് അനാലിറ്റിക്സ്, നിർമ്മിത ബുദ്ധി എന്നിവ ഉപയോഗിച്ച് കൃഷിയെ മെച്ചപ്പെടുത്തുകയാണ് യുഫാംസ് ചെയ്യുന്നത്. യുഫാംസ് വികസിപ്പിച്ചെടുത്ത സുസ്ഥിരവും കൃത്യവുമായ കൃഷിരീതികൾക്ക് ഈ വിപണിയിൽ സുപ്രധാന സ്ഥാനമുണ്ടെന്നും എബിൻ പറഞ്ഞു.കേരളത്തിലെ ഏറ്റവും വലിയ ഓട്ടോമേറ്റഡ് ഹൈഡ്രോപോണിക്സ് ഫാമായ അപ് ടൗൺ അർബൻ ഫാംസ് യുഫാംസിൻറെ സാങ്കേതികവിദ്യയിലാണ് പ്രവർത്തിക്കുന്നത്. 16,000 ചതുരശ്രയടി സ്ഥലത്താണ് ഈ ഫാം. ഇതു കൂടാതെ നിധി പ്രയാസ് ധനസഹായം, നിധി ഇഐആർ ഫെലോഷിപ്പ്, ഇവൈ ക്ലൈമാത്തോൺ രണ്ടാം സ്ഥാനം എന്നിവയും യുഫാംസിന് ലഭിച്ചിട്ടുണ്ട്.

# ക്വാണ്ടം എഎംസി പുതിയ സ്മോൾ കാപ് ഫണ്ട് അവതരിപ്പിച്ചു



തിരുവനന്തപുരം: ക്വാണ്ടം എഎംസി പുതിയ മുച്വൽ ഫണ്ട് നിക്ഷേപ പദ്ധതിയായ ക്വാണ്ടം സ്മോൾ കാപ് ഫണ്ട് അവതരിപ്പിച്ചു. ഒക്ടോബർ 16 മുതൽ 27 വരെ ഈ ഫണ്ടിൽ നിക്ഷേപിക്കാം. പ്രധാനമായും സ്മോൾ കാപ് ഓഹരികളിൽ നിക്ഷേപിക്കുന്ന ഈ ഫണ്ട് ഇക്വിറ്റി പദ്ധതിയാണ്. ക്വാണ്ടം എഎംസി ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ ചിരാഗ് മേത്തയും അഭിലാഷ സതാലെയും ചേർന്നാണ് ഈ ഫണ്ട് മാനേജ് ചെയ്യുന്നത്. ക്വാണ്ടം സ്മോൾ കാപ് ഫിന് ഡയറക്ട്, റെഗുലർ പ്ലാനുകളുണ്ട്. ഫിന്റെ 65 ശതമാനം മുതൽ 100 ശതമാനം വരെ നിക്ഷേപം സ്മോൾ കാപ് കമ്പനികളുടെ ഇക്വിറ്റി ഓഹരികളിലും ഇക്വിറ്റി അനുബന്ധ നിക്ഷേപങ്ങളിലുമായിരിക്കും. ദീർഘകാല മൂലധന നേട്ടം ലക്ഷ്യമിടുന്ന നിക്ഷേപകർക്കുള്ള പദ്ധതിയാണ് തങ്ങളുടെ സ്മോൾ കാപ് ഫണ്ട് എന്ന് ക്വാണ്ടം എഎംസി ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ ചിരാഗ് മേത്ത പറഞ്ഞു. സ്മോൾ കാപ് ഓഹരികൾ ദീർഘകാലത്തേക്ക് മികച്ച റിട്ടേൺ നൽകുന്ന പ്രകടനമാണ് കാഴ്ചവെക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# 'മാനസിക ആരോഗ്യം ആനുകൂല്യമല്ല, അവകാശമാണ്'; സ്കൈ സെമിനാർ 18ന്

**കോഴിക്കോട് :** മാനസിക ആരോഗ്യം അവകാശമാണ്, ആനുകൂല്യമല്ല എന്ന വിഷയത്തിൽ സെമിനാറുമായി കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രമുഖ കൗൺസിലിംഗ് സൈക്കോതെറാപ്പി കേന്ദ്രമായ സ്കൈ. ഈ മാസം 18ന് കോഴിക്കോട് കെ.പി കേശവമേനോൻ ഹാളിൽ നടത്തുന്ന സെമിനാറിന്റെ ഉദ്ഘാടനം മുൻ ആരോഗ്യമന്ത്രി കെ.കെ ശൈലജ എം.എൽ.എ നിർവഹിക്കും.ഈ വർഷത്തെ ലോക മാനസികാരോഗ്യ ദിനാചരണത്തോടനുബന്ധിച്ചാണ് സെമിനാർ സംഘടിപ്പിക്കുന്നത്.

മാനസിക ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യവും ആവശ്യവും എല്ലാവരിലേക്കും എത്തിക്കുക എന്നതാണ് സെമിനാറിന്റെ ലക്ഷ്യം. തൃശൂർ പ്രജ്യോതി നികേതൻ കോളേജിലെ സൈക്കോളജി വിഭാഗം മേധാവിയും അസി.പ്രൊഫസറുമായ ഡോ. മിലു മരിയ ആന്റോ മുഖ്യ പ്രഭാഷണം നടത്തും.മാനസികാരോഗ്യത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും അതുമായി ബന്ധപ്പെട്ട തടസങ്ങളെ തകർത്തെറിയാനും അതിനെ അഭിസംബോധന ചെയ്യാനും പ്രാപ്തരായ ഒരു സമൂഹത്തിനെ വളർത്തിയെടുക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യമെന്ന് സ്കൈയിലെ സീനിയർ സ്പെഷ്യലിസ്റ്റും മാനേജിംഗ് പാർട്ണറുമായ നിമ്മി മൈക്കിൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

മാനസികാരോഗ്യം ഒരു പ്രത്യേകാവകാശമായിട്ടല്ല, മറിച്ച് ഓരോ വ്യക്തിയുടെയും മൗലികാവകാശമായി അംഗീകരിക്കുന്ന ഒരു ആഗോള വ്യവസ്ഥ വരേണ്ടതുണ്ടെന്നും കൂട്ടിച്ചേർത്തുമാനസികാരോഗ്യവുമായി ബന്ധപെട്ട ഗവേഷണ പ്രബന്ധങ്ങൾ, പരിശീലന പരിപാടികൾ, അത്യാധുനിക ക്ലിനിക്കുകൾ തുടങ്ങിയ വിവിധ സേവനങ്ങൾ നൽകുന്ന സ്ഥാപനമാണ് സ്കൈ. കോഴിക്കോട് പ്രസ് ക്ലബിൽ നടന്ന വാർത്താ സമ്മേളനത്തിൽ സ്കൈ മാനേജിംഗ് പാർട്ണറും ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ സി.ടി ഹാദിയ പങ്കെടുത്തു. കൂടുതൽ വിവരങ്ങൾക്ക് 6282278025 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ഓൾ കേരള ഇന്റർ സ്കൂൾ ചെസ് ടൂർണമെന്റ് ഇന്ന്

**കൊച്ചി :** റോട്ടറി കൊച്ചിൻ റോയൽസ് കളമശേരി രാജഗിരി പബ്ലിക്ക് സ്കൂളിന്റെയും മെമ്മറി ട്രെയിൻ ക്രിയേറ്റീവ്സിന്റെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന റൊട്ടേറിയൻ വി.കെ കൃഷ്ണകുമാർ മെമ്മോറിയൽ ഓൾ കേരള ഇന്റർ സ്കൂൾ ചെസ് ടൂർണമെന്റ് ഇന്ന് രാവിലെ ഒമ്പതു മുതൽ രാജഗിരി സ്പോർടസ് ആന്റ് കൾച്ചറൽ സെന്ററിൽ നടക്കും. രാജഗിരി പബ്ലിക് സ്കൂൾ പ്രിൻസിപ്പാൾ റൂബി ആന്റണിയുടെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ റോട്ടറി ഡിസ്ട്രിക്റ്റ് 3201 ഗവർണർ മേജർ ടി.ആർ വിജയകുമാർ ടൂർണമെന്റ് ഉദ്ഘാടനം ചെയ്യും.

റോട്ടറി കൊച്ചിൻ റോയൽസ് ഡിസ്ട്രിക്റ്റ് ഡയറക്ടർ പി എസ് അരവിന്ദ്, അസിസ്റ്റന്റ് ഗവർണർ ടി എസ് ജെയ്രാജ്, ഡോ.കുര്യാക്കോസ് ആന്റണി, ബീന ബേബി തുടങ്ങിയവർ പങ്കെടുക്കും. കേരളത്തിലെ 30 സ്കൂളിൽ നിന്നായി 1042 മൽസരാർത്ഥികൾ ടൂർണമെന്റിൽ പങ്കെടുക്കും.വൈകുന്നേരം ആറിന് നടക്കുന്ന സമാപന സമ്മേളനത്തിൽ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യും. രാജഗിരി പബ്ലിക്ക് സ്കൾ ഡയറക്ടർ ഫാ.പൗലോസ് കിടങ്ങൻ മുഖ്യ അതിഥിയാകും.

# യു എസ് അന്താരാഷ്ട്ര ഊർജ്ജ സമ്മേളനത്തിൽ കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പ് ട്രാൻസ്മിയോ

**കൊച്ചി:** വാതക പൈപ്പലൈനുകളിലെ ചോർച്ചയും മോഷണവും തടയുന്നതിന് വേണ്ടി നിർമിത ബുദ്ധിയുടെ സഹായത്തോടെ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്ത കേരളത്തിലെ സ്റ്റാർട്ട് അപ്പായ ട്രാൻസ്മിയോക്ക് അമേരിക്കയിലെ ടെക്സാസിൽ വെച്ച് നടക്കുന്ന പെട്രോളിയം എഞ്ചിനീയേഴ്സിന്റെ വാർഷിക ടെക്നിക്കൽ കോൺഫറൻസ് ആൻഡ് എക്സിബിഷനിലേക്ക് പ്രത്യേക ക്ഷണം.

ഈ മാസം 16 മുതൽ 18 വരെയാണ് കോൺഫറൻസ്. ലോകത്ത് തന്നെ ഇത്തരത്തിൽ ഒരു സാങ്കേതിക വിദ്യ കണ്ടെത്തുന്ന ആദ്യ കമ്പനി കൂടിയാണ് ഇത്. ലോകത്താകമാനമുള്ള ആയിരത്തോളം സ്റ്റാർട്ടപ്പുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന പത്ത് പേർക്കാണ് കോൺഫറൻസിൽ അവരുടെ നൂതന സാങ്കേതിക വിദ്യ വിദഗ്ധരുടെ മുന്നിൽ അവതരിപ്പിക്കാൻ എല്ലാ വർഷവും അവസരം ലഭിക്കുന്നത്. ഇത്തരത്തിൽ ഈ കോൺഫറൻസിലേക്ക് പ്രവേശനം ലഭിക്കുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ സ്റ്റാർട്ടപ്പ് കൂടിയാണ് ഇത്. വാതക പൈപ്പ് ലൈൻ പ്രവർത്തനങ്ങളുടെ ചോർച്ചയും നുഴഞ്ഞുകയറ്റവും പോലുള്ള നിർണായക പ്രശ്നങ്ങൾ കൃത്രിമ ബുദ്ധി, മെഷീൻ ലേണിംഗ്, ഫോട്ടോണിക്സ്, ഫൈബർ സെൻസിംഗ് എന്നിവയുൾപ്പെടെയുള്ള അത്യാധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ മുൻകൂട്ടി കണ്ടെത്തുന്നതിന് ട്രാൻസ്മിയോ സഹായിക്കുമെന്ന് ട്രാൻസ്മിയോ സ്ഥാപകനും സിഇ ഒയുമായ സഫിൽ സണ്ണി പറഞ്ഞു.ട്രാൻസ്മിയോ നിലവിൽ ഇന്ത്യയിലുടനീളം 5000 കിലോമീറ്റർ പൈപ്പ്ലൈനുകൾ നിരീക്ഷിക്കുന്നുണ്ട്. രാജ്യത്തിനകത്ത് ഫൈബർ സെൻസിംഗ് അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ സംവിധാനം നൽകുന്ന ഏക കമ്പനി കൂടിയാണ്ത് സഫിൽ സണ്ണി പറഞ്ഞു.

### അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് സമാപിച്ചു

# സീഫുഡ് കയറ്റുമതി: കടൽസസ്തനികളുടെ സംരക്ഷണം നിർണായകം

**കൊച്ചി:** ഇന്ത്യയുടെ സീഫുഡ് കയറ്റുമതിയിൽ ഏറ്റവും നിർണായകമാണ് കടൽസസ്തനികളുടെ സംരക്ഷണമെന്ന് ശിൽപശാല. 16മത് അഗ്രികൾച്ചർ സയൻസ് കോൺഗ്രസിൽ കടൽ സസ്തനികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണ പുരോഗതി വിലയിരുത്തുന്നതിനായി സംഘടിപ്പിച്ച ശിൽപശാലയിലാണ് ഈ നിരീക്ഷണം.യുഎസിലേക്ക് സമുദ്രഭക്ഷ്യോൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നവർ കടൽസസ്തനികളുടെ വംശസംഖ്യ, ബൈകാച്ചായി പിടിക്കപ്പെടുന്ന സസ്തനികളുടെ എണ്ണം എന്നിവയെ അടിസ്ഥാനമാക്കിയുള്ള സംരക്ഷണ നിയന്ത്രണങ്ങൾ പൂർണമായി പാലിക്കണമെന്നാണ് യുഎസ് നിയമം. അതിനാൽ, തിമിംഗലം ഉൾപ്പെടെയുള്ള കടൽസസ്തനികളുടെ സംരക്ഷണത്തിനും ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങൾക്കും അതീവ പ്രാധാന്യമുണ്ടെന്ന് ശിൽപശാല വിലയിരുത്തി.മൂല്യാടിസ്ഥാനത്തിൽ ഇന്ത്യയിൽ നിന്നും യുഎസിലേക്കുള്ള സീഫുഡ് കയറ്റുമതി 33 ശതമാനമാണ്. കടൽ സസ്തനികളുടെ സംരക്ഷണ മാനദണ്ഡങ്ങൾ നടപ്പിലാക്കാനായില്ലെങ്കിൽ കോടികൾ വിലമതിക്കുന്ന സീഫുഡ് കയറ്റുമതിയെയാണ് ബാധിക്കും. ഇത് മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനും ഭീഷണിയാകും ശിൽപശാല ചൂണ്ടിക്കാട്ടി.

സി എം എ ഫ് ആർ ഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കടൽ സസ്തനികൾ തീരത്തടിയുന്നതിന്റെ വിവരശേഖരണം, തീരക്കടൽ സർവേ, ആഴക്കടൽ സർവേ, ബൈകാച്ച് അവലോകനം എന്നിവയാണ് ഇവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണങ്ങളുടെ പ്രധാന ഘടകങ്ങളെന്ന് അദ്ദേഹം പറഞ്ഞു. ചത്തുകരയ്ക്കടിയുന്ന തിമിംഗലങ്ങളുടെ സാമ്പിൾ പരിശോധിക്കുകയും പോസ്റ്റ്മോർട്ടം നടത്തി കാരണം കണ്ടെത്തുന്നതുൾപ്പെടെയുള്ള ശ്രമങ്ങൾക്ക് ജീവശാസ്ത്രജ്ഞർ, വെറ്റിനറി ഡോക്ടർമാർ, പരിസ്ഥിതി വിദഗ്ധർ തുടങ്ങിയവരുടെ കൂട്ടായ സഹകരണം ആവശ്യമാണെന്ന് ഡോ ഇ വിവേകാനന്ദൻ പറഞ്ഞു. ഫിഷറി സർവേ ഓഫ് ഇന്ത്യ സോണൽ ഡയറക്ടർ ഡോ സിജോ വർഗീസ്, ഡോ ജെ ജയശങ്കർ, ഡോ പ്രജിത് കെ കെ, പി അനിൽകുമാർ, ഡോ കെ ആർ ശ്രീനാഥ്, ഡോ ഗ്രിൻസൻ ജോർജ്, ഡോ ആർ രതീഷ്കുമാർ എന്നിവർ സംസാരിച്ചു.

അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് സമാപന സംഗമത്തിൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ഐസിഎആർ) അധ്യക്ഷത വഹിച്ചു. നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസസ് (നാസ്) സംഘടിപ്പിച്ച ഗ്രികൾച്ചറൽ സയൻസ് കോൺഗ്രസിന് ഇത്തവണ ആതിഥ്യമരുളിയത് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമായിരുന്നു.ആറ് പ്ലീനറി പ്രഭാഷണങ്ങളും നാല് സിംപോസിയങ്ങളും മൂന്ന് പാനൽ ചർച്ചകളും ഒരു ശിൽപശാലയും സമ്മേളനത്തിൽ നടന്നു.കാർഷികഭക്ഷ്യോൽപാദനവുമായി ബന്ധപ്പെട്ട 10 പ്രധാന തീമുകളിലായി പോഷകാഹാരക്കുറവ്, കാലാവസ്ഥാവ്യതിയാനം, ജനിതക വിളകൾ, മൃഗസംരക്ഷണം, മത്സ്യകൃഷി, ഭക്ഷ്യസംസ്കരണം, ഡിജിറ്റൽ കൃഷി, നിർമിതബുദ്ധി അധിഷ്ഠിത കാർഷികവൃത്തി തുടങ്ങിയ നിരവധി വിഷയങ്ങളിൽ 114 പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സമ്മേളനം ചർച്ച ചെയ്തു. ഇന്ത്യക്കകത്തു നിന്നും പുറത്തുനിന്നുമായി 1500ലേറെ പ്രതിനിധികൾ കോഗ്രസിൽ പങ്കെടുത്തു.ആറ് മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി നടത്തിയ പ്രസംഗമത്സരത്തിലെ വിജയികൾക്ക് സമ്മാനവിതരണം സമാപനസംഗമത്തിൽ നടന്നു. നാസ് വൈസ് പ്രസിഡണ്ട് ഡോ കെ എം ബുജർബറുവ, ഐസിഎആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ ജെ കെ ജെന,ഡോ പഞ്ചാബ് സിംഗ്, നാസ് സെക്രട്ടറി ഡോ ഡബ്ല്യൂ എസ് ലാക്ര, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

## ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിലെ ആചാര ലംഘനം : ക്ഷേത്രം ജീവനക്കാരിക്കെതിരെ നടപടി വേണമെന്ന് വി.എച്ച്.പി

**കൊച്ചി:** തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിലെ ചിട്ടകൾ കാറ്റിൽപ്പറത്തി അഹിന്ദുവായ സ്ത്രീയുടെ പ്രവേശനത്തിന് ഒത്താശ ചെയ്ത് ആചാര ലംഘനത്തിന് കൂട്ടുനിന്ന ക്ഷേത്രം ജീവനക്കാരിയായ സിപിഎം പ്രവർത്തകയ്ക്കെതിരെ നടപടിയെടുക്കണമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി, സെക്രട്ടറി വി ആർ രാജശേഖരൻ എന്നിവർ ആവശ്യപ്പെട്ടു. അൽപ്പശി ഉൽസവത്തിന് കൊടിയേറാൻ മണിക്കൂറുകൾ മാത്രം ബാക്കി നിൽക്കേയാണ് ചരിത്ര പ്രസിദ്ധമായ ശ്രീ പത്നാഭ സ്വാമി ക്ഷേത്രത്തിൽ ആചാര ലംഘനം സംഭവിച്ചിരിക്കുന്നത്. ആചാര ലംഘനം സംഭവിച്ചതിനെ തുടർന്ന് ക്ഷേത്രം തന്ത്രിയ്ക്ക് മണ്ഡപത്തിലെ ചടങ്ങുകൾ നിർത്തിവെയ്ക്കേണ്ടി വന്നത് ചരിത്രത്തിൽ തന്നെ ആദ്യമാണ്. പ്രായ്ശ്ചിത്ത നടപടികൾ നടത്തി ദ്രവ്യകലശം, മണ്ണുനീർ കോരൽ എന്നിവ വീണ്ടും നടത്തേണ്ട സാഹര്യമാണുണ്ടായിരിക്കുന്നത്. ഇത് ഏറെ ഗൗരവതരമാണെന്നും സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം വേണമെന്നും വി.എച്ച്.പി നേതാക്കൾ ആവശ്യപ്പെട്ടു.

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ജീവനക്കാരിയായ സി.ഐ.ടി.യു പ്രവർത്തകയുടെ സഹായത്തോടെയാണ് മണക്കാട് സ്വദേശിനിയായ മുസ്ലീം വനിത ക്ഷേത്രത്തിൽ പ്രവേശിച്ചതെന്ന് വിഎച്ച്പി നേതാക്കൾ ആരോപിച്ചു. ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ ആചാരമനുസരിച്ച് ഹിന്ദുമത വിശ്വാസികൾക്ക് മാത്രമേ ക്ഷേത്രത്തിൽ പ്രവേശനം അനുവദിച്ചിട്ടുള്ളു.

അഹിന്ദുക്കൾക്ക് ക്ഷേത്രത്തിൽ പ്രവേശിച്ച് പ്രാർഥന നടത്തണമെങ്കിൽ തങ്ങൾ ഹിന്ദുമതത്തിൽ വിശ്വസിക്കുന്നവരാണെന്ന് സത്യവാങ്മൂലം നൽകണം. ഇതൊന്നും പാലിക്കപ്പെടാതെയാണ് മുസ്ലീം വനിതയ്ക്ക് ക്ഷേത്രത്തിൽ പ്രവേശനം ഒരുക്കി നൽകിയതെന്നും വിഎച്ച്പി നേതാക്കൾ പറഞ്ഞു. അവിശ്വാസികളായ കമ്മ്യൂണിസ്റ്റുകാർക്ക് പകരം ആചാരങ്ങളെക്കുറിച്ച് ബോധ്യമുള്ള ഹിന്ദുമത വിശ്വാസികളെ മാത്രമെ ക്ഷേത്രങ്ങളിൽ ജീവനക്കാരായി നിയമിക്കാൻ പാടുള്ളുവെന്നും വിഎച്ച്പി നേതാക്കൾ വ്യക്തമാക്കി.

# വിവരാവകാശ അപേക്ഷകൾക്ക് മറുപടിയല്ല മറിച്ച് വിവരമാണ് ലഭിക്കേണ്ടത്: വിവരാവകാശ കമ്മീഷണർ

**കൊച്ചി:** വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ അപേക്ഷകന് മറുപടി അല്ല മറിച്ച് വ്യക്തമായ വിവരമാണ് ലഭിക്കേണ്ടതെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ എ.അബ്ദുൾ ഹക്കീം പറഞ്ഞു.

വിവരാവകാശ നിയമത്തിന്റെ 19ാം വാർഷികത്തോടനുബന്ധിച്ച് വിവരാവകാശ നിയമം എന്ത്, എന്തിന്, എങ്ങനെ എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.അപേക്ഷകളിൽ ഉദ്യോഗസ്ഥർ പൂർണ്ണവും വ്യക്തവുമായ വിവരങ്ങൾ അപേക്ഷകർക്ക് നൽകണം. അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ വിവരം നൽകിയാൽ മതിയെന്ന നിലപാട് ശരിയല്ല. 5 ദിവസത്തിനുള്ളിലോ അപ്പോൾ തന്നെയോ വിവരം നൽകാൻ സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു.ഭരണരംഗത്ത് സുതാര്യത, വിശ്വസ്തത ഉറപ്പാക്കുക, അഴിമതി ഇല്ലാതാക്കുക, ജനങ്ങളോടുള്ള ഉത്തരവാദിത്വം വർധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് വിവരാവകാശ നിയമം നടപ്പിലാക്കുന്നത്. ജനങ്ങളെ പ്രതിനിധീകരിക്കുന്ന എല്ലാവരും ജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ ബാധ്യസ്ഥരാണ്. വിവരാവകാശ നിയമം കൃത്യമായി നടപ്പിലാക്കിയില്ലെങ്കിൽ കൃത്യമായ നിയമ നടപടി നേരിടേണ്ടി വരും. അപേക്ഷകന് വിവരം നൽകുന്നതിന് പകരം എങ്ങനെ നൽകാതിരിക്കാം എന്നതിലാണ് പല ഉദ്യോഗസ്ഥരും ശ്രമിക്കുന്നത്. വിവരം നൽകുന്ന ഓഫീസറുടെയും ഭാരവാഹിയുടെയും പേര്, തസ്തിക, ഔദ്യോഗിക വിലാസം ഉൾപ്പെടെയുള്ള കൃത്യമായ വിവരങ്ങൾ നൽകണം. ലഭ്യമല്ല, ബാധകമല്ല, സൂക്ഷിച്ചിട്ടില്ല തുടങ്ങിയ മറുപടികൾ നൽകുന്നത് നിയമപ്രകാരം ചിലപ്പോൾ ശിക്ഷാ നടപടികൾക്ക് കാരണമാകുമെന്നും വിവരാവകാശ കമ്മീഷണർ പറഞ്ഞു.

ജനാധിപത്യ രാജ്യമാണ് നമ്മുടേത് എങ്കിലും ഭരണനിർവഹണ കാര്യത്തിൽ ജനങ്ങൾ ഇല്ല എന്ന് തന്നെ വേണം പറയാൻ. എന്നാൽ വിവരാവകാശ നിയമത്തിലൂടെ ജനങ്ങൾക്ക് ഭരണ നിർവ




ഹണ കാര്യത്തിലേക്ക് ഇറങ്ങിച്ചെന്ന് കാര്യങ്ങൾ മനസിലാക്കാൻ സാധിക്കുന്നു എന്നും കമ്മീഷണർ പറഞ്ഞു.എന്താണ് വിവരാവകാശ നിയമം, വിവരാവകാശ നിയമത്തിലൂടെ ജനങ്ങൾക്ക് എന്തെല്ലാം കാര്യങ്ങൾ ലഭ്യമാകുന്നു, ഏതെല്ലാം രേഖകൾ വിവരാവകാശ നിയമത്തിലൂടെ ലഭിക്കും, ഏതെല്ലാം രേഖകൾ ലഭിക്കില്ല, അപേക്ഷ നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, അതിന് ലഭിക്കേണ്ട മറുപടി സമയം, അപേക്ഷയുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളെ സംബന്ധിച്ച് സെമിനാറിൽ വിവരാവകാശ കമ്മീഷണർ വിശദീകരിച്ചു.

തുടർന്ന് സംശയങ്ങൾ ചോദിക്കാനും ഉത്തരങ്ങൾ നൽകുന്നതിനുള്ള ചോദ്യോത്തര പരിപാടിയും സംഘടിപ്പിച്ചു. ഇന്ത്യൻ ജനാധിപത്യത്തിന്റെ വസന്തം എന്ന് വിശേഷിപ്പിക്കപ്പെട്ട വിവരാവകാശ നിയമത്തിന്റെ 19ാം പിറന്നാളിനോടനുബന്ധിച്ച് ആർ ടി ഐ, കേരള ഫെഡറേഷൻ, ചാവറ കൾച്ചറൽ സെന്റർ, ആന്റി കറപ്ഷൻ പ്യൂപ്പിൾസ് മൂവ്മെന്റ്, തേവര എസ്.എച്ച് കോളേജ്, കേരള മീഡിയ അക്കാദമി എന്നിവയുടെ സഹകരണത്തോടെയാണ് സെമിനാർ സംഘടിപ്പിച്ചത്.ചാവറ കൾച്ചറൽ സെന്റർ ഹാളിൽ നടന്ന പരിപാടിയിൽ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് അഡ്വ.ഡി.ബി ബിനു അധ്യക്ഷത വഹിച്ചു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ്,സുപ്രീം കോടതി അഭിഭാഷകൻ ജോസ് എബ്രഹാം, എസ്. എച്ച് കോളേജ് കോമേഴ്സ് അദ്ധ്യാപകൻ ജെയിംസ് വി.ജോർജ്, ഐ. ഷിഹാബുദീൻ, ആർ. ടി. ഐ. കേരള ഫെഡറേഷൻ എറണാകുളം ജില്ലാ പ്രസിഡന്റ് അഡ്വ. ശശി കിഴക്കടെ എന്നിവർ പ്രസംഗിച്ചു.

## കാത്ത് കാത്തൊരു കല്ല്യാണം

# ഓഡിയോ ലോഞ്ചും, ട്രെയ്‌ലർ റിലീസിങ്ങും 22 ന്

അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** സംവിധായകനായ ജെയിൻ ക്രിസ്റ്റഫർ ഒരുക്കിയ മൂന്നാമത്തെ ചിത്രമായ കാത്ത് കാത്തൊരു കല്ല്യാണം പ്രേക്ഷകരിലേക്ക്. ചിത്രത്തിൻെറ ഓഡിയോ ലോഞ്ചും, ട്രെയ്ലർ റിലീസിങ്ങും തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിമ്പ്യൻ ചേമ്പറിൽ നടക്കും. 22 ന് വൈകിട്ട് 5.30 ന് നടക്കുന്ന ചടങ്ങ് പത്മശ്രീ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. അതിഥികളായി ഡബ്ബിങ് ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മി, നിർമ്മാതാക്കളായ ജി സുരേഷ്കുമാർ, രഞ്ജിത്ത്, നടനും, എഴുത്തുകാരനനുമായ ജോൺ സാമുവൽ തുടങ്ങിയവരും പങ്കെടുക്കും.

ചെറുകര ഫിലിംസിന്റെ ബാനറിൽ മനോജ് ചെറുകരയാണ് നിർമ്മാണം. താരങ്ങളായ ടോണി സിജിമോനും ക്രിസ്റ്റി ബെനറ്റുമാണ് ചിത്രത്തിലെ കേന്ദ്ര കഥാപാത്രങ്ങൾ. ചിത്രത്തിലെ താരങ്ങളും അണിയണറപ്രവർത്തകരും ചടങ്ങിൽ സംബന്ധിക്കും.



# വർണക്കൂടാരം പദ്ധതി : വേറിട്ട പഠനമാതൃക

**കൊല്ലം:** സമഗ്രശിക്ഷാ കേരളയുടെ സ്റ്റാർസ് പദ്ധതിപ്രകാരം അനുവദിച്ച 10 ലക്ഷം രൂപചിലവഴിച്ചുള്ള കിലുക്കാംപെട്ടി പ്രീപ്രൈമറി വർണക്കൂടാരം പദ്ധതി നിലമേൽ സർക്കാർ യുപി സ്കൂളിൽ യാഥാർഥ്യമായി. ഭാഷ, ശാസ്ത്രം, കരകൗശലം, ചിത്രകല, തുടങ്ങി 13 മേഖലകളെ വ്യത്യസ്ത ഇടങ്ങളാക്കി മാറ്റിയാണ് പഠനം അനുഭവവേദ്യമാക്കുന്നത്. ശില്പി സോളമൻ കടവൂർ രൂപകല്പന ചെയ്ത ഹരിതോദ്യാനവും ഇവിടെയുണ്ട്.

പ്രിപ്രൈമറി പഠനത്തെ ആധുനികകാലത്തിന് ചേരുംവിധം പരിഷ്കരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയാണ് ഇവിടെ മികവോടെ നടപ്പിലാക്കുന്നത്. നിറംപിടിപ്പിച്ച പാതയും വെള്ളച്ചാട്ടവുമൊക്കെ കുഞ്ഞുമനസ്സുകളിൽ കൗതുകത്തോടൊപ്പം അറിവും നിറയ്ക്കുന്നതിന് പര്യാപ്തമാണ്. പക്ഷിമൃഗാദികളുടെ ശില്പങ്ങളിലൂടെ പ്രകൃതിയെ അറിയാനുമാകും. ആമ്പൽക്കുളം തീർത്ത് ജീവോത്പത്തിയുടെ നാൾവഴികളും ഒരുക്കിയിട്ടുണ്ട്.

ഹെലികോപ്റ്ററിന്റെയും സംഗീതഉപകരണങ്ങളുടെ മാതൃകയും സജ്ജമാക്കിയിട്ടുണ്ട്. കലാപരിപാടികൾക്കായി സ്റ്റേജും പുതിയകാല കാഴ്ചകൾക്കായി ടെലിവിഷൻ സ്ക്രീനുമുണ്ട്. പാവകൾക്കും കളിപ്പാട്ടങ്ങൾക്കും പുറമേ റൈഡുകളും ഊഞ്ഞാലുകളുമൊക്കെ ഒരുക്കിയിട്ടുമുണ്ട്. ശിശുസൗഹൃദ ഇരിപ്പിടങ്ങളും മേശകളും സവിശേഷതയാണ്. .പാവനാടകത്തിന്റെ പിന്നണി സ്ക്രീനും ഇവിടെയുണ്ട്. മൃഗസംരക്ഷണക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയാണ് സംവിധാനങ്ങൾ ഉദ്ഘാടനം ചെയ്തത്.

# കേരളത്തിന്റെ നിലനിൽപിന് സഹകരണ മേഖല അനിവാര്യം: മന്ത്രി റോഷി അഗസ്റ്റിൻ

**ഇടുക്കി:** സാധാരണക്കാരന് എന്നും ആശ്രയമായ സഹകരണ മേഖല കേരളത്തിന്റെ നിലനിൽപിന് അനിവാര്യമാണെന്ന് ജല വിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ . തങ്കമണി സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ സഹകാരി സംഗമവും ജനകീയ നിക്ഷേപ കാമ്പയിനും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി . സഹകരണ മേഖലയെ തകർക്കുന്നതിനും സാധാരണക്കാരുടെ പണം കോർപ്പറേറ്റുകളുടെയും കുത്തകകളുടെയും കൈകളിലേക്ക് എത്തിക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സംരംഭങ്ങൾ, ആരോഗ്യ, കാർഷിക മേഖലകളടക്കം സമസ്ത മേഖലകളുടെയും സ്വാധീനം നിർണയിക്കുന്നതിൽ സഹകരണമേഖലയുടെ പങ്ക് വലുതാണ്.

ജനീയ നിക്ഷേപക കാമ്പയിന്റെ ഭാഗമായി തങ്കമണി സഹകരണ ബാങ്ക് 334 സഹകാരികളിൽ നിന്നായി 2,18,14,500 കോടി രൂപയും സമാഹരിച്ചു. കേരള ബാങ്ക് മാനേജ്മെന്റ് കമ്മിറ്റി അംഗം ബി.സി പിള്ള സഹകരണ സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

# കൃഷി വകുപ്പ് ഫാമുകളെ കാർബൺ തുലിതമാക്കും: മന്ത്രി പി പ്രസാദ്

**ആലുവ:** കൃഷിവകുപ്പ് ഫാമുകൾ കാർബൺ തുലിതമാക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് പറഞ്ഞു. കൃഷിവകുപ്പിലെ തിരഞ്ഞെടുക്കപ്പെട്ട 13 ഫാമുകളെ കാർബൺ തുലിത കൃഷി ഫാമുകളായി ഉയർത്തുന്നതിനുള്ള ദ്വിദിന സംസ്ഥാന തല ശില്പശാലയുടെ ഉദ്ഘാടനം ആലുവ പാലസിൽ നടന്ന ചടങ്ങിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

വിവിധ മാർഗങ്ങളിലൂടെ കാർബൺ ബഹിർഗമനം കുറക്കുക എന്ന ആശയത്തിൽ കാർബൺ തുലിതമായ ഇന്ത്യയിലെ ആദ്യ ഫാമായി ആലുവ വിത്തുല്പാദന കേന്ദ്രത്തെ ഉയർത്തുകയും തുടർന്ന് സംസ്ഥാനത്തെ 13 ഫാമുകളെ കൂടി കാർബൺ തുലിതമാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രവർത്തനങ്ങൾക്ക് ഗതിവേഗം നൽകുന്നതിന്റെ ഭാഗമായാണ് ദ്വിദിന ശില്പശാല സംഘടിപ്പിച്ചതെന്നും മന്ത്രി പറഞ്ഞു.

കേരളജനതയുടെ ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിന് പോഷകസമൃദ്ധി മിഷൻ രൂപീകരിച്ചു നടപ്പിലാക്കി വരുന്നു. പോഷക സമൃദ്ധമായ സുരക്ഷിത ഭക്ഷണം എന്ന ലക്ഷ്യത്തോടെ ഉല്പാദന മേഖല മുതൽ വിപണന മേഖല വരെ സമഗ്രമായി സംയോജിപ്പിച്ചു കർഷകരുടെ വരുമാനം വർധിപ്പിക്കുക എന്നതും പോഷകസമൃദ്ധി മിഷന്റെ ലക്ഷ്യമാണ്. പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ എല്ലാ ജില്ലകളിലും ചെറുധാന്യങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കാൻ കഴിയുമെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ചെറുധാന്യങ്ങളും അവയുടെ മൂല്യവർധിത ഉൽപ്പന്നങ്ങളും കേരളാഗ്രോ ബ്രാൻഡിന് കീഴിൽ വിവിധ ഓൺലൈൻ/ഓഫ് ലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പൊതുജനങ്ങളിലേക്ക് എത്തിക്കും. പ്രാദേശിക തലങ്ങളിൽ സംസ്കരണ യൂണിറ്റുകൾ നിർമ്മിക്കുന്നതിലൂടെയും ഗ്രാമീണ നഗര കേന്ദ്രങ്ങളിലെ വിപണികളിൽ ചെറുധാന്യങ്ങളുടെയും മൂല്യവർധിത ഉത്പന്നങ്ങളുടെയും ലഭ്യത ഉറപ്പു വരുത്തുന്നതിലൂടെയും വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിലൂടെയും മൂല്യവർധനയ്ക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിലൂടെയും കേരളത്തിൽ ചെറുധാന്യങ്ങളുടെ ലഭ്യതയും ഉപഭോഗവും വർധിപ്പിക്കാനാകുമെന്നും മന്ത്രി പറഞ്ഞു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ധാരണ പത്രം ഒപ്പ് വയ്ക്കുന്നത് വഴി ചെറുധാന്യങ്ങളുടെ സംസ്കരണം, മൂല്യവർധന, വിപണനം കൂടാതെ ബ്രാൻഡിങ് എന്നീ മേഖലകൾ കൂടുതൽ കാര്യക്ഷമമാക്കാനാകും. ഈ വിഷയത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ച് കൺസൾട്ടന്റായി പ്രവർത്തിക്കുന്നതാണെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ പോഷക സമൃദ്ധി മിഷന്റെ ഭാഗമായി കൃഷി വകുപ്പും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ചെറുധാന്യങ്ങളുടെ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ധാരണപത്രം കൃഷി വകുപ്പ് ഡയറക്ടർ കെ.എസ് അഞ്ജുവും ഐഐഎംആർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ബി ദയാകർ റാവുവും ചേർന്ന് ഒപ്പുവച്ചു.

കൃഷി വകുപ്പ് ഡയറക്ടർ കെ. എസ് അഞ്ജു അധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റേൺ ഓസ്ട്രേലിയ ഡയറക്ടർ ഡോ. കടമ്പോട്ട് എച്ച് എം സിദ്ദിഖ്, കാർഷിക വിലനിർണ്ണയ ബോർഡ് ചെയർമാൻ പി. രാജശേഖരൻ, കൃഷി അഡീഷണൽ ഡയറക്ടർമാരായ ജോർജ് സെബാസ്റ്റ്യൻ, ബീന മോൾ ആന്റണി, ലൂയിസ് മാത്യു, പ്രിൻസിപ്പൽ കൃഷി ഓഫീസർ ബിൻസി എബ്രഹാം തുടങ്ങിയവർ പങ്കെടുത്തു.

# വിഴിഞ്ഞം തുറമുഖ പദ്ധതി ആവശ്യങ്ങൾക്ക് അംഗീകാരം

**വിഴിഞ്ഞം:** രാജ്യത്തിൻറെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ വിഴിഞ്ഞം ഇടവകയും കൈകോർക്കും. ഇന്നലെ രാത്രി വിഴിഞ്ഞം പള്ളി മേടയിൽ നടന്ന ഇടവക അംഗങ്ങളുടെ യോഗത്തിനു ശേഷമാണ് വികാരി ഫാ. നിക്കോളാസ് തീരുമാനം വ്യക്തമാക്കിയത്.



തങ്ങൾ ഉന്നയിച്ച ആവശ്യങ്ങളിൽ ഭൂരിപക്ഷവും ഫിഷറീസ് മന്ത്രി സജിചെറിയാൻറെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ അംഗീകരിച്ചതായും സമയബന്ധിതമായി കാര്യങ്ങൾ നടപ്പിലാക്കുമെന്ന് ഉറപ്പു നൽകിയതായും ഇടവക വികാരി മാധ്യമങ്ങളോട് പറഞ്ഞു.

തുറമുഖ നിർമാണത്തെ തുടർന്ന് ഉപജീവന ഉപാധി നഷ്ടപ്പെട്ട 53 കട്ടമര തൊഴിലാളികൾക്ക് 4,20,000 രൂപ വച്ച് ആകെ 2,22, 60,000 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 49 പേരുടെ കാര്യത്തിലും പുനപരിശോധന ഉണ്ടാകും.

കരമടി അനുബന്ധ തൊഴിലാളികളായ 11 വനിതാ മത്സ്യത്തൊഴിലാളികൾക്ക് ഒരു ലക്ഷം രൂപ വീതവും പുലിമുട്ട് നിർമാണത്തെ തുടർന്ന് മത്സ്യബന്ധന വള്ളങ്ങൾ അധികം സഞ്ചരിക്കാൻ വേണ്ടി വരുന്ന മണ്ണെണ്ണ ഇനത്തിൽ 322 പേർക്ക് 4,56,63,000 രൂപയും അനുവദിച്ചു.

പദ്ധതി പ്രദേശത്തെ ഭവനരഹിതർക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകാൻ നടപടി സ്വീകരിക്കും. ജലക്ഷാമം നേരിടുന്ന മേഖലയിൽ കുടിവെള്ളത്തിന് 400 കണക്ഷൻ ഇടവക ആവശ്യപ്പെട്ടിരുന്നു. ഇതിൽ ആവശ്യമായ നടപടി സ്വീകരിക്കും.

ഫിഷിംഗ് ഹാർബർ പദ്ധതി സംബന്ധിച്ച ചർച്ച 20ന് വിഴിഞ്ഞം ഐബിയിൽ നടത്തും. പദ്ധതിക്ക് ആദ്യ പരിഗണന നൽകാനും മന്ത്രി കളക്ടർക്ക് നിർദേശം നൽകി. തുറമുഖ പദ്ധതിക്ക് വേണ്ടി കുടി ഒഴിപ്പിക്കപ്പെട്ട കുടുംബങ്ങളിൽ ഒരാൾക്ക് ജോലി എന്ന കാര്യവും തുറമുഖത്ത് തത്തുല്യമായ തൊഴിൽ സംവരണത്തിനും വേണ്ട നടപടികൾ അദാനിയുമായി ചർച്ചചെയ്ത് തീരുമാനിക്കും. പ്രദേശത്തെ ഓടകളുടെ നവീകരണവും നിർമ്മാണത്തിനുമായി 3.7 കോടിയും കളി സ്ഥലത്തിനായി 1.67 കോടി രൂപയും പകൽവീടിനു 1.57 കോടി രൂപയും അനുവദിച്ചു. ഗുണഭോക്താക്കളായ മത്സ്യതൊഴിലാളികൾക്ക് തങ്ങൾ വള്ളങ്ങൾ നൽകുന്നതിനും അതിലേക്ക് വേണ്ടിയുള്ള പരിശീലനം നൽകുന്നതിനും 20 കോടി രൂപ അനുവദിച്ചു. ഇടവക നൽകുന്ന സ്ഥലത്ത് ആശുപത്രി നിർമിക്കുന്നതിനനു വേണ്ട തുക ഫിഷറീസ് വകുപ്പിൽ നിന്ന് അനുവദിക്കും.

സ്ത്രീശാക്തികരണം, പാലിയേറ്റീവ് കെയർ എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കാനും മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് നടപടി സ്വീകരിക്കാനും നിർദേശം നൽകി.

# നെല്ലുസംഭരണം ഇനി മുതൽ പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ



**പാലക്കാട്:** ജില്ലയിൽ നെല്ലുസംഭരണം പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന നടത്തുന്നതുമായി ബന്ധപ്പെട്ട് ജില്ലയിലെ മന്ത്രിമാരായ കെ. കൃഷ്ണൻകുട്ടി, എം.ബി രാജേഷ് എന്നിവരുടെ നേതൃത്വത്തിൽ സഹകരണസംഘം പ്രസിഡൻറ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി യോഗം ചേർന്നു.

സംഭരിക്കുന്ന നെല്ലിൻറെ 68 ശതമാനത്തിൽ കുറയാതെ നെല്ല് അരിയാക്കി സർക്കാരിന് തിരികെ നൽകണമെന്നാണ് ഹൈക്കോടതി നിർദേശം.

ഇത് പാലിക്കേണ്ടതുണ്ടെന്ന് സഹകരണ സംഘം പ്രതിനിധികളോട് മന്ത്രിമാർ പറഞ്ഞു. കർഷകർക്ക് നെല്ലുസംഭരണതുക ഉടൻ നൽകണമെന്നതാണ് സർക്കാർ ലക്ഷ്യമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി, എം.ബി രാജേഷ് എന്നിവർ പറഞ്ഞു.

17 ശതമാനത്തിന് മുകളിൽ ഈർപ്പമുള്ള നെല്ലിൻറെ സംഭരണം സംബന്ധിച്ച് സഹകരണ സംഘങ്ങൾ മില്ലുകളുമായി ചർച്ച ചെയ്തു തീരുമാനമെടുക്കണമെന്ന് മന്ത്രി കൃഷ്ണൻകുട്ടി പറഞ്ഞു. സംഭരിച്ച നെല്ലിൻറെ തുക പിആർഎസ് രസീതിയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ കർഷകർക്ക് നൽകും. വിവരങ്ങൾ സർക്കാരിന് നൽകുന്ന മുറയ്ക്ക് ഒരു മാസത്തിനകം സഹകരണ സംഘങ്ങൾക്ക് തുക കൈമാറുമെന്നും മന്ത്രി കൃഷ്ണൻകുട്ടി പറഞ്ഞു.

നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ സന്നദ്ധരാണെന്നത് സംബന്ധിച്ച റിപ്പോർട്ട് ആറുദിവസത്തിനകം ജില്ലാ കളക്ടർക്ക് നൽകാൻ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് മന്ത്രിമാർ നിർദേശം നൽകി.

നെല്ല് അരിയാക്കാൻ സൗകര്യമില്ലാത്ത സഹകരണ സംഘങ്ങൾക്ക് മറ്റു സംഘങ്ങളുമായി കൺസോർഷ്യം രൂപീകരിച്ച് പ്രതിവിധി കണ്ടെത്താം. അരിയാക്കാൻ പറ്റാത്ത സഹകരണ സംഘങ്ങളുള്ള മേഖലകളിലെ നെല്ല് സപ്ലൈക്കോ നേരിട്ട് സംഭരിക്കും.ഗോഡൗൺ സൗകര്യം ഉറപ്പാക്കുക, സഹകരണ സംഘങ്ങൾക്ക് ബാധ്യതയുണ്ടാക്കാതെ നെല്ലെടുക്കാൻ സൗകര്യമുണ്ടാക്കുക, ചണച്ചാക്കുകൾ ലഭ്യമാക്കുക, പ്ലാസ്റ്റിക് ചാക്കിന് പകരം ചണച്ചാക്ക് ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ സഹകരണസംഘം പ്രതിനിധികൾ യോഗത്തിൽ ഉന്നയിച്ചു.

നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് 18ന് സർക്കാർ തീരുമാനമുണ്ടാകുമെന്നും മന്ത്രിമാർ പറഞ്ഞു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ കളക്ടർ ഡോ.എസ്. ചിത്ര, എഡിഎം കെ. മണികണ്ഠൻ, സപ്ലൈകോ ആർഎം, പാഡി മാർക്കറ്റിംഗ് ഓഫീസർമാർ, സഹകരണ വകുപ്പ് ജോയിൻറ് രജിസ്ട്രാർ, ജില്ലാ സപ്ലൈ ഓഫീസർ വി.കെ. ശശിധരൻ, വിവിധ സഹകരണ സംഘം പ്രസിഡൻറുമാർ, സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# അടച്ചു പൂട്ടലിൻെറ വക്കിൽ ജനകീയ ഹോട്ടലുകൾ




**മാനന്തവാടി:** സർക്കാർ കൈമലർത്തിയതോടെ ജനകീയ ഹോട്ടലുകൾ അടച്ചു പൂട്ടലിൻറെ വക്കിൽ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ ലക്ഷങ്ങളുടെ കുടിശികയാണ് നടത്തിപ്പുകാർക്ക് നൽകാനുള്ളത്.

വിശപ്പുരഹിത കേരളം ലക്ഷ്യമിട്ട് മൂന്നര വർഷം മുന്പാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ ഇരുപത് രൂപയ്ക്ക് ഊണ് ലഭ്യമാക്കുന്നതിനായി ജനകീയ ഹോട്ടൽ ആരംഭിച്ചത്. സബ്സിഡി തുക കുടുംബശ്രീയും വൈദ്യുതി ചാർജ്, മുറി വാടക എന്നിവ തദ്ദേശ സ്ഥാപനങ്ങളും നൽകണമെന്ന വ്യവസ്ഥയിലായിരുന്നു ഹോട്ടലുകൾ തുടങ്ങിയത്.

പ്രവർത്തനം തുടങ്ങി മൂന്ന് വർഷമായിട്ടും ഒരു രൂപ പോലും സബ്സിഡി ലഭിക്കാതായതോടെ ഹോട്ടൽ നടത്തിപ്പുകാർ പ്രക്ഷോഭം സംഘടിപ്പിച്ചു. ഇതോടെ 2022 വരെയുള്ള കുടിശിക നൽകി. എന്നാൽ കഴിഞ്ഞ എട്ട് മാസത്തെ കുടിശിക ലഭിക്കാനുണ്ട്.

അതിനിടെ ഊണിന് ഇരുപത് രൂപയിൽ നിന്ന് മുപ്പത് രൂപയാക്കി ഉയർത്തിയും കെട്ടിട വാടക സ്ഥാപനങ്ങൾ നൽകണമെന്നും കുടുംബശ്രീ ഉത്തരവിറക്കി. ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളാകട്ടെ വൈദ്യുതി ചാർജ്, വാടക എന്നീ ഇനത്തിൽ തന്നെ ലക്ഷങ്ങൾ ഹോട്ടൽ നടത്തിപ്പുകാർക്ക് നൽകാനുണ്ട്.

അതിനിടയിലാണ് വാടക കൂടി നൽകണമെന്ന ഉത്തരവിറങ്ങിയത്. ഇതോടെ ഹോട്ടലുടമകൾ വാടക തുക കൂടി കണ്ടെത്തേണ്ട സ്ഥിതിയിലാണ്. ജില്ലയിൽ 29 ജനകീയ ഹോട്ടലുകളാണ് ഉണ്ടായിരുന്നത്.

മൂന്നെണ്ണം ഇതിനോടകം പൂട്ടി. സർക്കാരും തദ്ദേശ സ്ഥാപനങ്ങളും തിരിഞ്ഞു നോക്കിയില്ലെങ്കിൽ ശേഷിച്ച ജനകീയ ഹോട്ടലുകൾ കൂടി അടച്ചു പൂട്ടുന്ന സ്ഥിതിയാണ്.

# മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി; ക്ഷേമനിധി ഉടമാ വിഹിതം ഒടുക്കണം

**കൊച്ചി:** കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹന ഉടമകൾ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം വാഹന നികുതി അടയ്ക്കുന്നതിന് മുമ്പ് കൃത്യമായും ക്ഷേമനിധി ഉടമാ വിഹിതം ഒടുക്കിയിരിക്കണമെന്നും അല്ലാത്തപക്ഷം പലിശ സഹിതം അടയ്ക്കേണ്ടി വരുമെന്നും ബോർഡ് ചെയർമാൻ കെ.കെ.ദിവാകരൻ അറിയിച്ചു.

ഓൺലൈൻ മുഖേനയും ജില്ലാ ഓഫീസുകളിൽ കാർഡ് സ്വൈപ്പ് വഴിയും സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ശാഖയിലും അക്ഷയ, ഫ്രണ്ട്സ് ജനസേവന കേന്ദ്രം എന്നിവയിലൂടെയും മൊബൈൽ ആപ്പ് വഴിയും ക്ഷേമനിധി വിഹിതം ഒടുക്ക് വരുത്താവുന്നതാണ്.

# അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം: ഉദ്ഘാടനം നിർവഹിച്ചു

**ഇടുക്കി:** അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം മണിയാറൻകുടി വട്ടമേട് സാമൂഹ്യ പഠനമുറിയിൽ സംഘടിപ്പിച്ചു. ജില്ലാതല ഉദ്ഘാടനം ജില്ലാ കളക്ടർ ഷീബ ജോർജ് നിർവഹിച്ചു. ചെറുതും വലുതുമായ ദുരന്തങ്ങൾ അഭിമുഖീകരിക്കുമ്പോൾ അവയെ പ്രതിരോധിക്കാനും ലഘൂകരിക്കാനും നമുക്ക് സാധിക്കണമെന്ന് കളക്ടർ പറഞ്ഞു. അപകട സമയത്തെ ആദ്യ പ്രതികരണം പ്രധാനമാണ്. ദുരന്തമുഖത്ത് നിന്ന് സ്വയം രക്ഷപ്പെടുന്നതിനൊപ്പം മറ്റുള്ളവരെ രക്ഷപ്പെടുത്താനും നമുക്ക് കഴിയണമെന്നും അവർ പറഞ്ഞു. എല്ലാവർക്കും പുനരുജ്ജീവനം, വേർതിരിവുകളില്ലാതെ എന്ന ആശയത്തോടെ സംസ്ഥാന വ്യാപകമായാണ് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം സംഘടിപ്പിക്കുന്നത് . ദിനാചരണത്തിന്റെ ഭാഗമായി ബോധവത്കരണ പരിശീലന പരിപാടിയും സംഘടിപ്പിച്ചു.

പരിപാടിയിൽ ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാജി ചന്ദ്രൻ അധ്യക്ഷത വഹിച്ചു. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർജ് പോൾ മുഖ്യപ്രഭാഷണം നടത്തി. ത്രിതല പഞ്ചായത്തംഗങ്ങളായ ആൻസി തോമസ്, ഏലിയാമ്മ ജോയി, ഇടുക്കി തഹസിൽദാർ ഡിക്സി ഫ്രാൻസിസ് എന്നിവർ സംസാരിച്ചു.

# കൗൺസിലർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ കീഴ്മാട് പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ വിദ്യാർഥികൾക്ക് ആവശ്യമായ സഹായങ്ങളും മാർഗനിർദേശങ്ങളും നൽകുന്നതിന് കൗൺസിലർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഗൈനക്കോളജി/ സോഷ്യൽ വർക്ക്/ സോഷ്യോളജി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും പ്രവർത്തന പരിചയമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാം.

താല്പര്യമുള്ളവർ വെള്ള കടലാസിൽ പൂരിപ്പിച്ച അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, യോഗ്യത സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഒക്ടോബർ 26 രാവിലെ 10.30 ന് സിവിൽ സ്റ്റേഷനിലെ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

# പ്രൊബേഷൻ ഓഫീസിലേക്ക് കരാർ നിയമനം

**കൊച്ചി:** സാമൂഹ്യ നീതി വകുപ്പ് എറണാകുളം ജില്ലാ പ്രൊബേഷൻ ഓഫീസിലേക്ക് കരാർ അടിസ്ഥാനത്തിൽ പ്രൊബേഷൻ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

ഒഴിവുകളുടെ എണ്ണം : 1 യോഗ്യത :എം എസ് ഡബ്ല്യു ( അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും സാമൂഹ്യ പ്രവർത്തനത്തിൽ ബിരുദാനന്തര ബിരുദം) സാമൂഹ്യ പ്രവർത്തന മേഖലയിൽ 2 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം . എറണാകുളം ജില്ലയിലുള്ളവർക്ക് മുൻഗണന.

ഉയർന്ന പ്രായപരിധി: ഇന്റർവ്യൂ തീയതിയിൽ 40 വയസ്സ് കവിയാൻ പാടില്ല. കാലാവധി : നിയമന തീയതി മുതൽ ഒരു വർഷം. ഓണറേറിയം : പ്രതിമാസം 29535 രൂപ.

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ ബയോഡാറ്റ, അസ്സൽസർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ എന്നിവ സഹിതം ഒക്ടോബർ 25 രാവിലെ 10.30 ന് കാക്കനാട്, സിവിൽ സ്റ്റേഷനിലെ ജില്ലാ പ്രൊബേഷൻ ഓഫീസിൽ വാക്ക് ഇൻ ഇന്റർവ്യൂന് ഹാജരാകേണ്ടതാണ്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ഉത്തരവുകൾക്ക് വിധേയമായിരിക്കും കരാർ നിയമനം. നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥിയെ നിർദ്ദിഷ്ട എഗ്രിമെന്റ് അടിസ്ഥാനത്തിൽ മാത്രം ജോലിയിൽ പ്രവേശിപ്പിക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് എറണാകുളം ജില്ലാ പ്രൊബേഷൻ ഓഫീസുമായി ബന്ധപ്പെടുക.

# ജാഗ്രതാ സമിതികൾക്ക് നിയമാനുസൃത പദവി നൽകണമെന്ന് ശുപാർശ നൽകി വനിതാ കമ്മിഷൻ

**കൊച്ചി:** വിദഗ്ധരായ നിയമ പണ്ഡിതർ ഉൾപ്പെടെയുള്ളവരുമായി നടത്തിയ ചർച്ചയ്ക്കുശേഷം വനിതാ കമ്മിഷൻ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് സർക്കാരിന് ശുപാർശ നൽകിയിട്ടുണ്ടെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി പറഞ്ഞു. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ സംഘടിപ്പിച്ച ജില്ലാതല അദാലത്തിന്റെ രണ്ടാം ദിവസം പരാതികൾ തീർപ്പാക്കിയ ശേഷം സംസാരിക്കുകയായിരുന്നു വനിതാ കമ്മീഷൻ അധ്യക്ഷ. ജാഗ്രതാ സമിതികൾക്ക് നിയമാനുസൃത പദവി നൽകണമെന്നതാണ് ഇതിൽ പ്രധാനപ്പെട്ടകാര്യം.



എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലത്തിലുള്ള ജാഗ്രതാ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ജാഗ്രതാ സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ പ്രശ്നങ്ങൾ താഴെത്തട്ടിൽ നിന്നും തീർപ്പാക്കാനാകും. എറണാകുളം ജില്ലയിൽ അയൽവാസികൾ തമ്മിലുള്ള പ്രശ്നങ്ങൾ രൂക്ഷമാണെന്ന് കമ്മീഷന് മുൻപാകെ വരുന്ന പരാതികൾ വ്യക്തമാക്കുന്നു. വാർഡ് തലത്തിലുള്ള ജാഗ്രതാ സമിതികൾക്ക് ഇത്തരം പ്രശ്നങ്ങളിൽ ഫലപ്രദമായ ഇടപെടലുകൾ നടത്താനാകും.

എല്ലാ ജില്ലാ പഞ്ചായത്തുകളും മൂന്നു മാസത്തിലൊരിക്കൽ ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ പരിധിയിലുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനത്തെ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഫലപ്രദമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ജാഗ്രതാ സമിതികൾക്ക് 50,000 രൂപ പാരിതോഷികം നൽകും.

അസംഘടിത മേഖലയിലാണ് സ്ത്രീകൾക്കെതിരായ ചൂഷണം കൂടുതലായും കാണുന്നതെന്ന് കമ്മീഷന് ബോധ്യപ്പെട്ടിട്ടുണ്ട്. പബ്ലിക് ഹീയറിംഗിലൂടെ പ്രത്യേകമായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പ്രാധാന്യം നൽകുമെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ പറഞ്ഞു.

അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് കോഴിക്കോട് പബ്ലിക് ഹിയറിംഗ് നടത്തും.

എറണാകുളത്ത് കരാർ തൊഴിലാളികളായ സ്ത്രീകളുടെ പ്രശ്നങ്ങളും ആലപ്പുഴയിൽ മത്സ്യ സംസ്കരണ യൂണിറ്റുകളിലെ സ്ത്രീകളുടെ പ്രശ്നങ്ങളും കോട്ടയത്ത് മാധ്യമ രംഗത്തെ സ്ത്രീകളുടെ പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന് പബ്ലിക് ഹിയറിംഗ് സംഘടിപ്പിക്കും.

മാധ്യമ രംഗത്തെ വനികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കേരള മീഡിയ അക്കാദമിയുമായി ചേർന്നു പ്രത്യേക ചർച്ച നടത്തിയിരുന്നു.

അതിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ ക്രോഡീകരിച്ച് മാധ്യമങ്ങൾക്ക് ഒരു മാർഗരേഖ എന്ന പേരിൽ കൈപ്പുസ്തകം മുഖ്യമന്ത്രിക്ക് കൈമാറിയിരുന്നു. മാധ്യമ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷ ഉറപ്പാക്കാനും മാധ്യമ പഠനരംഗത്ത് സ്ത്രീപക്ഷ കാഴ്ചപ്പാട് ഉറപ്പാക്കുന്നതിനുമുള്ള നിർദേശവും കൈപ്പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും വനിതാ കമ്മിഷൻ അധ്യക്ഷ പറഞ്ഞു.

സിറ്റിങ്ങിന്റെ രണ്ടാം ദിവസം 58 പരാതികളാണു പരിഗണിച്ചത്. ഇതിൽ 14 കേസുകൾ തീർപ്പാക്കി. ആറു പരാതികളിൽ പോലീസ് റിപ്പോർട്ട് ആവശ്യപ്പെട്ടു. 34 പരാതികൾ അടുത്ത അദാലത്തിലേക്കു മാറ്റി.

വനിതാ കമ്മിഷൻ മെമ്പർമാരായ അഡ്വ. ഇന്ദിരാ രവീന്ദ്രൻ, വി.ആർ. മഹിളാ മണി, അഡ്വ. എലിസബത്ത് മാമ്മൻ മത്തായി എന്നിവർ കേസുകൾ പരിഗണിച്ചു. ഡയറക്ടർ ഷാജി സുഗുണൻ, വനിതാ കമ്മിഷൻ കൗൺസിലർ ടി.എം. പ്രമോദ്, ആൽബിറ്റ മേരി അവറാച്ചൻ എന്നിവർ പങ്കെടുത്തു.

# ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം മെച്ചപ്പെടുത്താനൊരുങ്ങി എഡ്ടെക് പ്ലാറ്റ്ഫോം ബൈറ്റ്എക്സ്എൽ

**ഹൈദരാബാദ്:** എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളെ പരിവർത്തനം ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന എഡ്ടെക് പ്ലാറ്റ്ഫോം ബൈറ്റ് എക്സ്എൽ ന, തങ്ങളുടെ നേതൃത്വ ടീമിലേക്ക് മുതിർന്ന വിദ്യാഭ്യാസ വിദഗ്ധരെ നിയമിക്കുന്നതായി പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് പതിറ്റാണ്ടുകളുടെ അനുഭവസമ്പത്തുള്ള വൈഭവ് ശുക്ലയെയും നിശാന്ത് റെഡ്ഡിയെയും പ്രധാന പദവികളിൽ നിയമിച്ചു.

വൈഭവ് ശുക്ല ബൈറ്റ്ന്റെ ലേണിംഗ് ആൻഡ് സ്റ്റുഡന്റ് സക്സസ് വിഭാഗം മേധാവിയായിരിക്കും കൂടാതെ പാഠ്യപദ്ധതിക്കും ഉള്ളടക്ക വികസനത്തിനും നേതൃത്വം നൽകി എഡ്ടെക് പ്ലാറ്റ്ഫോം ഉയർത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. കണ്ടന്റ് സ്ട്രാറ്റജി വിദഗ്ധൻ എന്ന നിലയിൽ, ഡിസൈൻ, ഡെവലപ്മെന്റ്, ഡെലിവറി, മാനേജ്മെന്റ് എന്നിവയിൽ വൈദഗ്ധ്യമുള്ള, വിദ്യാഭ്യാസ മേഖലയിൽ രണ്ട് പതിറ്റാണ്ടിലേറെ പരിചയമുള്ള വൈഭവ് ഐഐഎം അഹമ്മദാബാദിലെയും ഐഐടി ബോംബെയിലെയും പൂർവ്വ വിദ്യാർത്ഥിയാണ് . മുമ്പ് ലീഡ് അക്കാദമിയിൽ കണ്ടെന്റ് വികസന ഡയറക്ടറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്, കൂടാതെ നിരവധി വ്യവസായ സർട്ടിഫിക്കേഷനുകളും നേടിയിട്ടുണ്ട്.

പൂർവ്വ വിദ്യാർത്ഥിയായ ശ്രീ. നിശാന്ത് റെഡ്ഡി, ബൈറ്റ് ഓപ്പറേഷൻസ് തലവനായി ചേർന്നു. കോളേജ് പങ്കാളിത്തം, ബിസിനസ് കാര്യക്ഷമതയും സ്കേലബിളിറ്റിയും, ഉപഭോക്തൃ സംതൃപ്തിയും ഒപ്റ്റിമൈസ് ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം അദ്ദേഹത്തിനായിരിക്കും.

# മെഗാ തൊഴിൽ മേള

**തിരുവനന്തപുരം:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ 30ൽ അധികം പ്രമുഖ സ്വകാര്യ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് മെഗാ തൊഴിൽ മേള സംഘടിപ്പിക്കുന്നു. ഒക്ടോബർ 21ന് ആറ്റിങ്ങൽ ഗവ. കോളജിലാണ് മേള. ഐ.ടി, ഹോസ്പിറ്റൽ, വിപണന മേഖല, ബി.പി.ഒ, ഓട്ടോമൊബൈൽസ്, ടെലികോം, ഇലക്ട്രോണിക്സ് മേഖലകളിലടക്കം പ്രമുഖരായ സ്വകാര്യ കമ്പനികളാണ് തൊഴിൽ നൽകാനായി മേളയിൽ എത്തുന്നത്. പ്ലസ്ടു/ ഐ.ടി.ഐ/ഡിപ്ലോമ/ബിരുദം/ബിരുദാനന്തര ബിരുദവും 35 വയസിൽ താഴെ പ്രായമുള്ള ഏതൊരാൾക്കും മേളയിൽ പങ്കെടുക്കാം. https://forms.gle/dUGrEUM-PRrnbFsey7 എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ മേളയിൽ പങ്കെടുക്കാൻ സാധിക്കൂ. കൂടുതൽ വിവരങ്ങൾക്ക്: 04712992609.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | CUSTOMER SATISFACTION 100% GUARANTEED | CERTIFIED ISO 9001 | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+ 91 9288022663